# കേരള സംസ്ഥാന പരിസ്ഥിതി നയം

2009

പരിസ്ഥിതി വകുപ്പ്

കേരള ഗവൺമെന്റ്

## കേരള സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ് – സംസ്ഥാന പരിസ്ഥിതി നയം, 2009 –അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പരിസ്ഥിതി വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം.04/09/പരി. തീയതി, തിരുവനന്തപുരം 31.12.2009.

---

പരാമർശം: 1). സ.ഉ.(സാധാ) 22/07/പരി. തീയതി 04.04.2007.

2). കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 01.10.2009 ലെ 200/എ1/08/കെ.എസ്.ബി.ബി. നമ്പർ കത്ത്

### ഉത്തരവ്

സംസ്ഥാനത്തിനുവേണ്ടി ഒരു പരിസ്ഥിതി നയം ആവിഷ്ക്കരിക്കുന്നതിനായി സർക്കാർ ഒരു കരട് പരിസ്ഥിതി നയത്തിനു രൂപം നൽകുകയും ഈ നയത്തിൻമേൽ വിവിധ പരിസ്ഥിതി പ്രവർത്തകർ, ശാസ്ത്രജ്ഞൻമാർ, പരിസ്ഥിതി മേഖലയിലെ വിദഗ്ധർ തുടങ്ങിയവരുടെ അഭിപ്രായങ്ങളും നിർദ്ദേശ്ശങ്ങളും ആരായുകയും ചെയ്തു. ഇപ്രകാരം ലഭിച്ച നിർദ്ദേശ്ശങ്ങൾ പരിശോധിക്കുന്നതിനും പരിസ്ഥിതി നയത്തിന് അന്തിമ രൂപം നൽകുന്നതിനും വിവിധ മേഖലകളിലെ വിദഗ്ധരടങ്ങിയ ഒരു 16 അംഗ വർക്കിംഗ് ഗ്രൂപ്പ് സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറി കൺവീനറായി പരാമർശം ഒന്ന് പ്രകാരം സർക്കാർ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് വിവിധ സംഘടനകളിൽ നിന്നും ഏജൻസികളിൽ നിന്നും വകുപ്പുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വിശദമായി ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പുതിയ കരട് പരിസ്ഥിതി നയത്തിന് രൂപം നൽകുകയും ചെയ്തു.

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, പരിസ്ഥിതി പ്രവർത്തകർ, സർക്കാരിതര സംഘടനകൾ, വിദഗ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് നടത്തിയ ശിൽപ്പശാലകളിൽ പരിസ്ഥിതി നയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത നയത്തിൻമേൽ സർക്കാർ വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുകയും അവ കരട് നയത്തിൽ ഉൾപ്പെടുത്തുന്നതിനായി ജൈവവൈവിദ്ധ്യ ബോർഡിന് അയച്ചു കൊടുക്കുകയും ചെയ്തു.

വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ നിർദ്ദേശ്ശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി നവീകരിച്ച കരട് പരിസ്ഥിതി നയം പരാമർശം രണ്ടിലെ കത്ത് പ്രകാരം കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇതിനോടനുബന്ധമായി ചേർത്തിട്ടുള്ള സംസ്ഥാന പരിസ്ഥിതി നയം, 2009 അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**സി.കെ. വിശ്വനാഥൻ**
**സെക്രട്ടറി**

ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്, തിരുവനന്തപുരം
ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, എൻവയോൺമെന്റ് മാനേജ്മെന്റ് ഏജൻസി, കേരളം, തിരുവനന്തപുരം
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും/ എല്ലാ വകുപ്പധ്യക്ഷൻമാർക്കും
സെക്രട്ടേറിയറ്റിലെ (നിയമം/ ധനകാര്യം ഉൾപ്പെടെ) എല്ലാ വകുപ്പുകൾക്കും
അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ ആഡിറ്റ്), കേരളം, തിരുവനന്തപുരം

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
പൊതുഭരണ (എസ്.സി) വകുപ്പിന്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

ഒപ്പ്/-

**സെക്ഷൻ ഓഫീസർ**

| വിഭാഗം | ഉള്ളടക്കം | പേജ് |
|---|---|---|
| 1. | മുഖവുര | 5 |
| 2. | കേരളത്തിന്റെ പാരിസ്ഥിതിക സ്ഥിതി | 6 |
| 3. | പാരിസ്ഥിതിക ഉദ്യമങ്ങൾ | 7 |
| 4. | പരിസ്ഥിതി നയത്തിന്റെ സ്ഥൂല ലക്ഷ്യങ്ങൾ | 12 |
| 5. | പൊതുസമീപനം | 13 |
| 6. | തന്ത്രങ്ങളും കർമപരിപാടികളും<br>തണ്ണീർത്തട ആവാസവ്യവസ്ഥ | 14 |
| 6.1. | നദികൾ, തടാകങ്ങൾ, ജല സംഭരണികൾ, ഭൂഗർഭജലം, മഴവെള്ളം | 14 |
| 6.2. | കുടിവെള്ളം | 15 |
| 6.3. | ജലസേചനം | 15 |
| 6.4. | കുളങ്ങൾ, തടാകങ്ങൾ, കണ്ടൽക്കാടുകൾ | 16 |
| 7. | വനം, വന്യജീവി, ഫിഷറീസ് | 16 |
| 8. | കൃഷിഭൂമി സംവിധാനങ്ങൾ | 18 |
| 8.1. | പൊതുവിളകൾ | 18 |
| 8.2. | നെൽകൃഷി | 19 |
| 8.3. | പുരയിടകൃഷി | 19 |
| 8.4. | ജനിതകമാറ്റം വരുത്തിയ സസ്യജാലങ്ങൾ | 20 |
| 9. | തീരദേശ – സമുദ്രവിഭവങ്ങൾ | 20 |
| 10. | മൃഗസംരക്ഷണം | 21 |
| 11. | ജൈവവൈവിദ്ധ്യ സംരക്ഷണം | 22 |
| 12. | വ്യാവസായിക വികസനം | 23 |
| 13. | ഖനനവും പാറപൊട്ടിക്കലും | 24 |
| 14. | ഊർജം | 25 |
| 15. | പാർപ്പിടങ്ങൾ | 26 |
| 16. | വിനോദസഞ്ചാരം | 27 |
| 17. | ഗതാഗതം | 28 |
| 18. | വായു,  ശബ്ദ മലിനീകരണം | 28 |
| 19. | പരിസ്ഥിതി വിദ്യാഭ്യാസം, പരിശീലനം, ബോധവൽകരണം | 29 |
| 20. | ഗവേഷണം, വികസനം, സാങ്കേതികവിദ്യകളുടെ പ്രചാരണം | 30 |
| 21. | പദ്ധതികൾ മൂലം മാറ്റിതാമസിപ്പിക്കേണ്ടി വരുന്ന ജനങ്ങളുടെ പുനരധിവാസം. | 30 |
| 22. | പാരിസ്ഥിതിക ഓഡിറ്റിംഗ് | 31 |
| 23. | പാരിസ്ഥിതിക സ്ഥിതി വിവര റിപ്പോർട്ട് | 31 |
| 24. | നയം നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളും ഘടകങ്ങളും | 32 |
| 24.1. | വ്യക്തികൾ, കുടുംബങ്ങൾ | 32 |
| 24.2. | ഗ്രാമപഞ്ചായത്തുകൾ | 33 |
| 24.3. | ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ | 33 |
| 24.4. | സർക്കാർ വകുപ്പുകളും ഏജൻസികളും | 34 |
| 24.5. | സംസ്ഥാന പരിസ്ഥിതി വകുപ്പ് | 34 |
| 24.6. | സംസ്ഥാന, ജില്ലാ ഉപദേശക സമിതികൾ | 34 |
| 24.7. | സർക്കാരിതര സംഘടനകൾ | 35 |
| 24.8. | നിയമം ശക്തിപ്പെടുത്തൽ | 35 |
| 25 | സംസ്ഥാന പരിസ്ഥിതി ഫണ്ട് | 35 |

## കേരള സംസ്ഥാന പരിസ്ഥിതി നയം

### ദർശനം

**കേരളത്തിലെ ജനങ്ങൾക്ക് ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് സംശുദ്ധമായ വായു, ജലം, മണ്ണ്, ആഹാരം എന്നിവയുടെ ലഭ്യതയും സുസ്ഥിര ഉപഭോഗവും ഉറപ്പാക്കുക.**

**മുഖവുര**

1.1. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം അംഗീകരിച്ച ലോകത്തെ ആദ്യ ഭരണഘടനകളിലൊന്നാണ് ഇന്ത്യൻ ഭരണഘടന. പരിസ്ഥിതി പുഷ്ടിപ്പെടുത്താനും പാരിസ്ഥിതിക ഗുണനിലവാരം സംരക്ഷിക്കാനും ഭരണകൂടം നടപടിയെടുക്കണമെന്ന് ഭരണഘടന നിർദ്ദേശിക്കുന്നു. വനം, തടാകങ്ങൾ, പുഴകൾ, വന്യജീവികൾ എന്നിവയുൾപ്പെടെയുള്ള പരിസ്ഥിതിയുടെ സഹജപ്രകൃതി സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുകയെന്നത് ഓരോ പൗരന്റെയും പ്രാഥമിക കർത്തവ്യമാണെന്നും ഭരണഘടന നിഷ്ക്കർഷിക്കുന്നു.

1.2. ഒരു ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുള്ള ചട്ടക്കൂട് നമ്മുടെ ഭരണഘടന അവതരിപ്പിക്കുന്നു എന്നതുകൊണ്ടു തന്നെ നിശ്ചിതമായ പ്രകൃതിവിഭവങ്ങളെ ജനങ്ങളുടേയും പ്രകൃതിയുടേയും ആരോഗ്യത്തെ ദോഷകരമായി ബാധിക്കാത്ത രീതിയിൽ പരമാവധി പ്രയോജനപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇതാണ് സുസ്ഥിര വികസനം എന്ന സങ്കല്പത്തിന്റെ അന്തസത്ത. പ്രകൃതിവിഭവങ്ങളുടെയും ജീവസന്ധാരണ സംവിധാനങ്ങളുടെയും മേലുള്ള സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിന് പരിസ്ഥിതി സംരക്ഷണത്തിലൂന്നിയുള്ള വികസന സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു.

1.3. ഭൂമിശാസ്ത്രപ്രകാരവും പാരിസ്ഥിതികമായും ഒട്ടേറെ പരിമിതികളും വൈവിധ്യവും സങ്കീർണതകളും നിറഞ്ഞ കേരളത്തിൽ വികസനവും പരിസ്ഥിതിയും തമ്മിലുള്ള പാരസ്പര്യം അവഗണിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഭൂമിശാസ്ത്രപരമായ സവിശേഷതകളും കാലാവസ്ഥയും പാരിസ്ഥിതിക പ്രത്യേകതകളും കാരണം നമ്മുടെ ആവാസവ്യവസ്ഥ അതിലോലമാണ്. ജൈവ ഭൂഘടനയിൽ ലോകത്തെ ഏറ്റവും സമ്പന്നമായ ഭൂവിഭാഗമാണ് കേരളം. ലോകത്തെ ഏറ്റവും ഉല്പാദനക്ഷമവും ജൈവവൈവിധ്യസമ്പുഷ്ടവുമായ മൂന്ന് ആവാസ വ്യവസ്ഥകളും – ഉഷ്ണമേഖലാ മഴക്കാടുകൾ, തീരദേശ–ശുദ്ധജല – ഓരുജലതണ്ണീർതടങ്ങൾ – കടലിലെ പവിഴപ്പുറ്റുകളും നമുക്കുണ്ട്. അൻപതു കിലോമീറ്റർ വിസ്താരത്തിൽ ഇവമൂന്നും സംക്ഷേപിക്കപ്പെട്ടിരിക്കുന്നു. സുഖപ്രദമായ കാലാവസ്ഥ, ആറുമാസത്തിലേറെ നീളുന്ന കനത്ത മഴ, ജൈവ ഭൂപ്രകൃതി, കാര്യമായ വിഘാതങ്ങളില്ലാതെ നിലനിൽക്കുന്ന ജൈവ–മനുഷ്യവാസനൈരന്തര്യം എന്നിവയാണ് നമ്മുടെ പ്രധാന സമ്പത്ത്.

1.4. കേരളത്തിന്റെ പാരിസ്ഥിതിക–പ്രകൃതിവിഭവങ്ങളുടെ മേൽ ദിനംപ്രതിയെന്നോണം സമ്മർദ്ദം വർദ്ധിച്ചുവരികയാണ്. ഉയർന്ന സാക്ഷരതാനിരക്ക്, സാമ്പത്തിക–സാമൂഹിക–രാഷ്ട്രീയ– സാംസ്ക്കാരിക സവിശേഷതകൾ, വർദ്ധിച്ച ജനസാന്ദ്രത എന്നിവ പാരിസ്ഥിതികാഘാതം വർധിക്കുന്നതിന് കാരണമാകുന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ നാൾ കഴിയുന്തോറും പ്രകടമാകുന്നു. ഈ തലമുറയുടെയും വരും തലമുറകളുടേയും ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പരിസ്ഥിതിയുടെ ശേഷി നശിപ്പിക്കുന്ന തരത്തിൽ അത് മാറാതെ നോക്കേണ്ട കർത്തവ്യം നമുക്കുണ്ട്. ഈ സാഹചര്യത്തിൽ വികസനപ്രവർത്തനങ്ങൾ വഴി നമുക്കുണ്ടായ പരിമിതികൾ കണക്കിലെടുത്ത് പ്രകൃതിവിഭവസംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകുന്ന സുസ്ഥിര വികസന സമീപനം സ്വീകരിക്കാൻ നാം തയ്യാറാകേണ്ടത് അനിവാര്യമായിരിക്കുന്നു.

1.5. വികസന പ്രക്രിയയിൽ പാരിസ്ഥിതിക പരിഗണനകൾക്ക് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അതിനുള്ള മാർഗരേഖകൾ ഉൾപ്പെടുത്തി ഭാരതസർക്കാർ 1992–ൽ പരിസ്ഥിതിയും വികസനവും സംബന്ധിച്ച ദേശീയ സംരക്ഷണ തന്ത്രവും നയരേഖയും (National Conservation Strategy and Policy Statement on Environment and Development) ആവിഷ്കരിക്കുകയുണ്ടായി. പ്രസ്തുത ദേശീയ തന്ത്രങ്ങൾക്കും നയങ്ങൾക്കും അനുപൂരകമായി ഒരു സംസ്ഥാന നയം ആവിഷ്കരിക്കേണ്ടതുണ്ട്.

1.6. വനം, ജലം, കൃഷി എന്നീ മേഖലകളിൽ നയരൂപീകരണം നടത്തുന്ന പ്രക്രിയയിലാണ് സംസ്ഥാനസർക്കാർ. അതതുമേഖലകളിൽ സുസ്ഥിരവികസനം സാധ്യമാക്കുന്നതിനുള്ള തന്ത്രങ്ങളും കർമപരിപാടികളും ഈ നയപ്രഖ്യാപനങ്ങൾ മുന്നോട്ടു വയ്ക്കുന്നു വെങ്കിലും പരിസ്ഥിതി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള സമഗ്രമായ നയരൂപീക രണം ഇനിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ പരിസ്ഥിതിനയം എല്ലാ മേഖലകളിലു മുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള തന്ത്രങ്ങളും കർമപരിപാ ടികളും മുന്നോട്ടുവയ്ക്കുന്നു.

1.7. കേരളത്തിന്റെ പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുന്ന തരത്തിൽ വികസനപ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുക വഴി സുസ്ഥിരവികസനം കൈവരിക്കുന്നതിന് അനുയോജ്യമായ വിധത്തിലാണ് ഈ നയം രൂപകൽപന ചെയ്തിരിക്കുന്നത്.

1.8. സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും ജീവിത ഗുണനിലവാരം പരമാവധി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഒരേസമയം പരിസ്ഥിതി സംരക്ഷണവും വികസനവും സാധ്യമാ ക്കുന്നതിനും പ്രകൃതിവിഭവസമ്പത്ത് വർധിപ്പിക്കുന്നതിനും പാരിസ്ഥിതികനാശം പരമാ വധി കുറച്ച് സംസ്ഥാനത്തിന്റെ സാമ്പത്തികനില കെട്ടിപ്പടുക്കുന്നതിനുമുള്ള രൂപരേഖ യാണ് ഈ നയരേഖ മുന്നോട്ടുവയ്ക്കുന്നത്.

**2. കേരളത്തിന്റെ പാരിസ്ഥിതിക സ്ഥിതി**

ആകെ 38,863 ചതുരശ്രകിലോമീറ്റർ വിസ്തൃതി, മൂന്നുകോടിയിലേറെ ജനങ്ങൾ, സുദീർഘമായ കടലോരം, കടലോരത്തോട് ചേർന്നുള്ള കായലുകൾ, പശ്ചിമഘട്ടങ്ങളിലെ ജലാർദ്രമായ ഉഷ്ണ മേഖലാവനങ്ങൾ, അത്യധികം നിമ്നോന്നതമായ ഭൂതലം, സമശീതോഷ്ണകാലാവസ്ഥ – ഇവയെല്ലാമാണ് കേരളത്തെ സവിശേഷമായ ഭൂവിഭാഗവും ആവാസവ്യവസ്ഥയുമായി നില നിർത്തുന്നത്. ഉയർന്ന സാക്ഷരതാനിലവാരമുള്ളവരാണ് ജനങ്ങൾ. ആരോഗ്യരക്ഷ, പോഷകാ ഹാരം, വ്യക്തിശുചിത്വം തുടങ്ങിയവയിലുള്ള നിഷ്ഠ കാരണം വർധിച്ച ജീവിതായുസ്സ്, കുറഞ്ഞ ശിശുമരണനിരക്ക് എന്നിങ്ങനെ നേട്ടങ്ങൾ അനേകം. എന്നാൽ ശരിയായ പരിസ്ഥിതി പരിഗണന കളില്ലാതെ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ കേരളത്തിന്റെ പരിസ്ഥിതിയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ ഏറെയാണ്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

2.1. **വനനഷ്ടവും ശോഷണവും:** പശ്ചിമഘട്ടത്തിൽ വനങ്ങൾ അതിവേഗം നശിപ്പിക്കപ്പെടുക യാണ്. ആവാസവ്യവസ്ഥയുടെ അടിത്തറയിളക്കും വിധം ജൈവവൈവിധ്യം ശോഷി ക്കുന്നു; പ്രത്യേകിച്ചും പ്രധാനമായ നമ്മുടെ സസ്യജന്തുസമ്പത്ത്. ഈ പ്രവണതമൂലം നമ്മുടെ നദികളിലേയും മറ്റുതണ്ണീർതടങ്ങളിലേയും ജലലഭ്യത അതിവേഗം കുറയുന്നു; മണ്ണിടിയുന്നു; ജലസംഭരണികളിൽ എക്കൽ നിറയുന്നു.

2.2. **നശിക്കുന്ന കണ്ടൽക്കാടുകൾ:** ലോകത്ത് ഏറ്റവുമധികം ഉല്പാദനക്ഷമമായ ആവാസവ്യ സ്ഥയാണ് കണ്ടൽക്കാടുകൾ. കേരളത്തിൽ അത് ഉത്തരജില്ലകളിലെ ഏതാനും പ്രദേശത്ത് മാത്രമായി ചുരുങ്ങിയിരിക്കുന്നു. അവശേഷിക്കുന്ന തുണ്ടു കണ്ടൽക്കാടുകളും വൻനാശ ഭീഷണി നേരിടുന്നു–പ്രത്യേകിച്ചും ഇന്ന് വ്യാപകമായി വരുന്ന വിനോദ–ഭവനനിർമാണ വ്യ വസായപദ്ധതികളിലൂടെ. ഇത് സംസ്ഥാനത്തിന്റെ മത്സ്യസമ്പത്തിന് വിനാശകരമാണെന്ന് നാം തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ അതിനെ നേരിടുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാ

യിട്ടില്ല. വിവിധമേഖലകളിലെ വികസനപ്രവർത്തനങ്ങൾ സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന മികച്ച ഒരുദാഹരണമാണിത്.

2.3. **നാശഭീഷണി നേരിടുന്ന തീരദേശം**: വിനോദസഞ്ചാരം ഉൾപ്പടെയുള്ള മേഖലകളുടെ സമ്മർദ്ദം മൂലം കടലോരം നശിക്കുന്നു. മത്സ്യത്തൊഴിലാളി കോളനികളിൽ ശൗചാലയങ്ങളുടെയും, ഓടകളുടേയും അഭാവംമൂലം മലിനീകരണം വർധിക്കുന്നു. നഗരമാലിന്യങ്ങളും അമിതമായ ജനസാന്ദ്രതയും കടലോരത്തെ നാശോന്മുഖമാക്കുന്നു. കടലിന്റെ ആവാസവ്യവസ്ഥയേയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗത്തെയും ദോഷകരമായി ബാധിക്കാത്തതരത്തിലുള്ള ഒരു പരിഹാര ഇടപെടൽ അടിയന്തിരാവശ്യമായി മാറിയിരിക്കുന്നു. ഒപ്പം സമുദ്രജലസമ്പത്ത് മെച്ചപ്പെടുത്തുന്നതിനുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതുണ്ട്.

2.4. **വർധിക്കുന്ന മണൽ-കളിമൺ ഖനനം**: നദികൾ, നദീതടങ്ങൾ, വയലുകൾ എന്നിവിടങ്ങളിലെ മണൽ-കളിമൺ ഖനനം വൻതോതിലുള്ള പരിസ്ഥിതി നശീകരണത്തിനു വഴിയൊരുക്കുന്നു എന്നു മാത്രമല്ല, അത് ക്രമേണ നമ്മുടെ ഭക്ഷ്യ-ജലസുരക്ഷയെ അപകടപ്പെടുത്തുകയും ചെയ്യുന്നു. ജില്ലാ ഭരണകൂടത്തിന്റെയും പോലീസിന്റെയും ഇടപെടൽ വഴി അത് നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾ വേണ്ടത്ര ഫലപ്രദമായിട്ടില്ല. മണലൂറ്റ് പ്രാധാനമായും കെട്ടിടനിർമാണമേഖലയ്ക്ക് വേണ്ടിയാണെന്ന കാര്യം അംഗീകരിച്ചേതീരൂ. കേരളത്തിൽ കെട്ടിടനിർമാണമേഖലയിലുണ്ടായ വളർച്ച സാമ്പത്തികരംഗത്ത് ചില നേട്ടങ്ങൾക്കിടയാക്കിയുണ്ട്. എന്നാൽ അത് നമ്മുടെ ജല, ഭക്ഷ്യ സ്രോതസ്സുകളെ വീണ്ടെടുക്കാനാവാത്തവിധം നശിപ്പിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ അതും ഫലപ്രദമായി നിയന്ത്രിക്കേണ്ടതുണ്ട്. കേരളത്തിന് അതിന്റെ കുന്നുകളും പാറകളും അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് തടയാൻ അടിയന്തിര നടപടികൾ ആവശ്യമാണ്.

2.5. **ശുദ്ധജല, സമുദ്രജല ജീവി സമ്പത്തുകൾ**: ആവാസ വ്യവസ്ഥയുടെ നശീകരണവും അമിത ചൂഷണവും മൂലം കേരളത്തിന്റെ ഈ അമൂല്യ സമ്പത്തുകൾ അതിവേഗം നശിക്കുകയാണ്. കയറ്റുമതി വ്യവസായത്തിന്റെ വളർച്ചയും അതിന് ഒരു കാരണമാണ്. മനുഷ്യ ഇടപെടലുകളും നിർമാണ പ്രവർത്തനങ്ങളും വഴിയുണ്ടാകുന്ന മലിനീകരണവും നികത്തൽ പ്രവണതയും തടഞ്ഞ് മത്സ്യസമ്പത്തിന്റെ ആവാസകേന്ദ്രങ്ങളെ സംരക്ഷിക്കുന്നതിനുള്ള ശ്രമം ആവശ്യമാണ്. ജനങ്ങളുടെ ഉപജീവനമാർഗത്തിന്റെയും കയറ്റുമതി വ്യവസായത്തിന്റെയും സ്രോതസ്സ് എന്ന നിലയിൽ മത്സ്യവകുപ്പിന്റെയും ബന്ധപ്പെട്ട മേഖലകളുടെയും സഹകരണത്തോടെ ഈ രംഗത്ത് ഗൗരവതരമായ സംരക്ഷണ-മാനേജ്മെന്റ് തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്.

2.6. **വയൽ സംരക്ഷണം** : നെൽപ്പാടങ്ങൾ നാണ്യ വിളകൾക്കും കെട്ടിട നിർമാണത്തിനും മറ്റുമായി പരിവർത്തനം ചെയ്തതുമൂലം ഭക്ഷ്യോല്പാദനത്തിൽ സംസ്ഥാനത്ത് വൻകുറവ് സംഭവിച്ചിരിക്കുകയാണ്. 1971 നുശേഷം, 30 വർഷത്തിനിടയിൽ ഏതാണ്ട് അഞ്ചുലക്ഷം ഹെക്ടർ വയലാണ് ഇത്തരത്തിൽ ഇല്ലാതായത്. ഇത് തികച്ചും ആശങ്കാജനകമാണ്. ഭൂഗർഭജലത്തിന്റെ പ്രധാന പ്രഭവസ്ഥാനമായ വയലുകൾ നികന്നതോടെ ജലലഭ്യതയെയും അത് പ്രതികൂലമായി ബാധിച്ചു. അതുകൊണ്ട് വയലുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ഉയർന്ന പരിഗണന നൽകേണ്ടതാണ്.

2.7. **നദികളുടെ ശോഷണം** : മണലൂറ്റ്, കയ്യേറ്റം, വ്യവസായസ്ഥാപനങ്ങൾ നടത്തുന്ന അമിത ചൂഷണം, തോട്ടങ്ങളിൽ നിന്നുള്ള രാസവസ്തുക്കൾ മൂലമുള്ള മലിനീകരണം, നഗരങ്ങളിൽ നിന്നും വ്യവസായങ്ങളിൽ നിന്നുമുള്ള ഖര-ദ്രവ മാലിന്യങ്ങൾ തുടങ്ങിയവയിലൂടെ കേരളത്തിലെ നദികളുടെ ആവാസവ്യവസ്ഥ ക്ഷയിച്ചിരിക്കുന്നു. പ്രാദേശിക സർക്കാരുകൾ, സ്വയംസഹായ സംഘങ്ങൾ, സ്കൂളുകൾ, കോളേജുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ കേരളത്തിലെ നദീതടങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനം പ്രഥമ പരിഗണന നൽകി നടപ്പാക്കേണ്ടതാണ്. നദികളെ സംരക്ഷിക്കുന്നതിനും ആരോഗ്യകരമായി പരിപാലിക്കുന്നതിനും ആവശ്യമായ നിയമങ്ങളും ചട്ടങ്ങളും നിർമിക്കേണ്ടതുണ്ട്.

2.8. **വർധിക്കുന്ന ജലക്ഷാമം**: കേരളത്തിൽ ഏറ്റവുമധികം ദുരുപയോഗം ചെയ്യപ്പെടുന്ന വിഭവമാണ് ജലം. അതിന്റെ പേരിൽ സംസ്ഥാനത്തിനുള്ളിലും സംസ്ഥാനങ്ങൾ തമ്മിലുമുള്ള സംഘർഷങ്ങൾ വളർന്നുകൊണ്ടിരിക്കുന്നു. മികച്ച വർഷപാതം കണക്കിലെടുക്കുമ്പോൾ ജലത്തിന്റെ കാര്യത്തിൽ മിച്ച സംസ്ഥാനമാകേണ്ട കേരളത്തിൽ മിക്ക നദികളും വേനൽക്കാലത്ത് വറ്റിവരളുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. വീട്ടാവശ്യങ്ങൾക്കും വ്യവസായത്തിനും വേണ്ടി നടക്കുന്ന അമിതമായ ജലചൂഷണവും വ്യാവസായിക മലിനീകരണവുമാണ് ശുദ്ധജല ലഭ്യതയ്ക്ക് ഭീഷണി ഉയർത്തുന്ന മറ്റു ഘടകങ്ങൾ.

2.9. **കൃഷിയിടങ്ങളുടെ ഉല്പാദനക്ഷമയിലുണ്ടാകുന്ന കുറവ്** : കാർഷിക മേഖലയിൽ ഇന്നുള്ള പ്രതിസന്ധികൾക്ക് ഒരു പ്രധാന കാരണം കൃഷി ഭൂമികളുടെ വ്യദ്ധിക്ഷയമാണ്. രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ചുള്ള ആധുനിക ഊർജ്ജിതകൃഷിരീതികൾ മൂലം മണ്ണിന്റെ ആരോഗ്യം നശിക്കുന്നു. യഥാസമയം വെള്ളം കിട്ടാത്ത അവസ്ഥയും നല്ല വിത്തുകളുടെ അഭാവവും മണ്ണിൽ ജൈവ നിക്ഷേപത്തിന്റെ കുറവും നമ്മുടെ കൃഷിയിടങ്ങളിൽ ഉല്പാദനക്ഷമത ക്ഷയിക്കാൻ ഇടയാക്കിയിരിക്കുന്നു.

2.10. **വർധിക്കുന്ന വായു, ജല, മണ്ണ് മലിനീകരണം** : ഉല്പാദനക്ഷമതാ വർധനവിന്റെ പേരിൽ മണ്ണിലേക്ക് തള്ളുന്ന ടൺ കണക്കിന് രാസവളങ്ങളും വിളകളെ സംരക്ഷിക്കാനെന്ന ന്യായേന യാതൊരു നിയന്ത്രണവുമില്ലാതെ ഉപയോഗിക്കുന്ന കീടനാശിനികളും (നിരോധിക്കപ്പെട്ടവ പോലും) ഗുരുതരമായ ആശങ്കകൾ ജനിപ്പിക്കുന്നതാണ്. ഇതിന്റെ ഫലമായി നമ്മുടെ മിക്ക ഭക്ഷ്യവിഭവങ്ങളും വെള്ളവും പലതരത്തിൽ ദുഷിച്ചിരിക്കുന്നതായി വിശകലനത്തിൽ തെളിഞ്ഞിട്ടുണ്ട്. ശീതള പാനീയങ്ങളിലും കുപ്പിവെള്ളത്തിലും അടുത്തയിടെ കണ്ടെത്തിയ വിഷാംശം ഈ അവസ്ഥയുടെ ഗൗരവം ബോദ്ധ്യപ്പെടുത്തുന്നതാണ്.

2.11. **ഖരമാലിന്യം എന്ന വിപത്ത്** : ഖരമാലിന്യങ്ങൾ സംസ്ഥാനത്ത് എമ്പാടും തീരാ വിപത്തായി മാറിക്കൊണ്ടിരിക്കുന്നു. അതിനെ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ പല തലങ്ങളിൽ നടക്കുന്നുണ്ടെങ്കിലും മിക്ക പഞ്ചായത്തുകളും നഗരസഭകളും തങ്ങളുടെ പ്രദേശത്തെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന ഖരമാലിന്യങ്ങൾ നിർമാർജനം ചെയ്യാനാവാതെ കുഴങ്ങുകയാണ്. പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ, പ്രത്യേകിച്ചും ബാഗുകൾ, കപ്പുകൾ, പ്ലേറ്റുകൾ മുതലായവ ഉപയോഗിച്ച ശേഷം പൊതുസ്ഥലത്ത് കൊണ്ടുതള്ളുന്നത് ചിക്കുൻഗുനിയ, ഡെങ്കു തുടങ്ങിയ മാരകമായ ആരോഗ്യപ്രശ്നങ്ങൾക്കു വഴിയൊരുക്കുന്നു. ഇത്തരം വസ്തുക്കളുടെ ഉപഭോഗം നമ്മുടെ സമൂഹത്തിൽ നിന്ന് ഘട്ടം ഘട്ടമായി ഉന്മൂലനം ചെയ്യാൻ പ്രത്യേക പരിശ്രമവും ബോധവൽക്കരണവും ആവശ്യമാണ്.

2.12. **വ്യാവസായിക മലിനീകരണം – വർധിക്കുന്ന ഭീഷണികൾ** : വർധിച്ചുവരുന്ന വ്യാവസായിക മലിനീകരണം, പ്രത്യേകിച്ചും എറണാകുളം (ഏലൂർ – ഇടയാർ), പാലക്കാട് (പ്ലാച്ചിമട – കഞ്ചിക്കോട്) ജില്ലകളിലെ വ്യവസായ എസ്റ്റേറ്റുകളിൽ, ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. മണ്ണിലും പുഴയിലും വായുവിലും കലർന്ന ഇത്തരം വ്യാവസായിക മാലിന്യങ്ങൾ നമ്മുടെ ഭക്ഷ്യശൃംഖലയിൽ കടന്നുകയറിയതായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളിലും മനുഷ്യരക്തത്തിലും ഇവയുടെ വിഷാംശം കണ്ടെത്തുകയും ചെയ്തു. ഏലൂർ – എടയാർ വ്യവസായ മേഖലയിൽ കാൻസർ ഉൾപ്പെടെയുള്ള അനേകം മാരകരോഗങ്ങൾ വ്യാപകമായതായി റിപ്പോർട്ടുണ്ട്. ഇതിനുള്ള പരിഹാരമാർഗങ്ങൾ ആരായുന്നതിനൊപ്പം ഇതിന്റെ ദുരന്തഫലം അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നയങ്ങളും ആവിഷ്ക്കരിക്കേണ്ടതുണ്ട്.

2.13. **ഇലക്ട്രോണിക് മാലിന്യ വിപത്ത്** : വിവരസാങ്കേതിക വിദ്യ, ഇലക്ട്രോണിക് വ്യവസായങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ, അതിവേഗം പരിഹാരം കാണേണ്ട ഗുരുതരമായ വിപത്തായി മാറിക്കൊണ്ടിരിക്കുന്നു. സുപ്രീം കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടും ഇത്തരം മാരകമായ പാഴ് വസ്തുക്കളുയർത്തുന്ന പ്രശ്നങ്ങൾ ഇല്ലാതാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല. പൊതുജനസംഘങ്ങളുടെ പങ്കാളിത്തത്തോടെയുള്ള കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ ഈ വിപത്തിന് പരിഹാരം കാണാൻ കഴിയൂ എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

2.14. **നഗരവൽക്കരണത്തിന്റെ വളർച്ച:** നഗരവൽക്കരണത്തിന്റെ അതിവേഗമുള്ള വളർച്ചയുടെ പ്രത്യാഘാതങ്ങൾ നഗരങ്ങളിൽ ആരോഗ്യകരമായ മനുഷ്യവാസം അസാദ്ധ്യമാക്കുന്ന തരത്തിലേയ്ക്ക് എത്തിയിരിക്കുന്നു. പ്രത്യേകിച്ചും നഗരമാലിന്യ നിർമാർജനം അതീവ ദുഷ്ക്കരമായി അവശേഷിക്കുന്ന സാഹചര്യത്തിൽ. ഇത് ഇപ്പോൾ ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിച്ചിരിക്കുന്നു. എണ്ണമറ്റ പരിസ്ഥിതി പ്രശ്നങ്ങൾക്കു പുറമേ നദിയിലും വയലിലും നിന്നുള്ള വ്യാപകമായ മണലൂറ്റിനും ദ്രുതഗതിയിലുള്ള നഗരവൽക്കരണം ഇടയാക്കിയിരിക്കുന്നു. മണലിന്റെ ആവശ്യം വർദ്ധിച്ചതോടെ മണലിനായി പാറകളെ നശിപ്പിക്കുന്നതിലേയ്ക്കും വ്യവസായം തിരിഞ്ഞിരിക്കുന്നു. ജലസ്രോതസ്സുകളായ കുന്നുകളും പാറകളും അല്ലെങ്കിൽ തന്നെ വൻ നാശ ഭീഷണിയിലാണ്.

2.15. പരിസ്ഥിതിയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഈ അപചയങ്ങളുടെ പ്രത്യാഘാതങ്ങൾ ഇന്ന് ശരിക്കും മനുഷ്യരുടെ ആരോഗ്യത്തിൽ പ്രതിഫലിച്ചുകാണുന്നു. അടിക്കടിയുണ്ടാകുന്ന പകർച്ച വ്യാധികൾ, ഗുരുതരമായ തോതിൽ വളരുന്ന ജീവിതശൈലീ രോഗങ്ങൾ, കുട്ടികളുടെ വളർച്ചയെ, പ്രത്യേകിച്ചും മാനസിക വളർച്ചയെയും പഠനശേഷിയെയും, പ്രതികൂലമായി ബാധിക്കുന്ന രോഗങ്ങളുടെ അതിപ്രസരം, എല്ലാത്തരം ക്യാൻസർ രോഗങ്ങളുടെയും കടന്നാക്രമണം എന്നിവ നാം ജീവിക്കുന്ന പരിസ്ഥിതിയുടെ പരിതാപകരമായ തകർച്ചയെയാണ് കാണിക്കുന്നത്.

നമ്മെയും നമ്മുടെ ജീവസന്ധാരണ സംവിധാനങ്ങളെയും നശിപ്പിക്കുന്ന ഇത്തരം ഗുരുതരമായ എല്ലാ പ്രശ്നങ്ങളെയും അഭിസംബോധന ചെയ്യുന്നതാണ് ഈ പരിസ്ഥിതിനയം.

### 3. പാരിസ്ഥിതിക ഉദ്യമങ്ങൾ

3.1. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി സംസ്ഥാന സർക്കാർ അതിന്റെ വിവിധ വകുപ്പുകൾ – പരിസ്ഥിതി, ശാസ്ത്ര–സാങ്കേതികം, ആരോഗ്യ–കുടുംബക്ഷേമം, വനം–വന്യജീവി, ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ്, വ്യവസായം, മൈനിംഗ് ആൻഡ് ജിയോളജി, ഭൂഗർഭ ജലം – വഴി ഒട്ടേറെ നിയന്ത്രണങ്ങളും, പരിസ്ഥിതി പരിപോഷണ ഉദ്യമങ്ങളും നടപ്പാക്കി വരികയാണ്.

അതിനായി സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ആവിഷ്ക്കരിച്ച നിയമങ്ങൾ, ചട്ടങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

i. വന്യജീവി (സംരക്ഷണം) നിയമം 1972 – (1983, 1986, 1991, 92, 93, 95, 98, 2002, 03 വർഷങ്ങളിൽ നടത്തിയ ഭേദഗതികളോടെ).
ii. ദ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട് 1984 (1998 ലെ ഭേദഗതിയോടെ).
iii. ദ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) സെസ്സ് ആക്ട് 1977 (1991, 2003 ലെ ഭേദഗതികളോടെ).
iv. ദ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് 1980 (1988, 1992, 2003 ലെ ഭേദഗതികളോടെ).
v. ദ എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട് 1981 (1987 ലെ ഭേദഗതിയോടെ).
vi. ദ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ട് 1986.
vii. ദ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) റൂൾസ് 1986 (1991, 98, 99, 2001, 2003, 2004 ലെ ഭേദഗതികളോടെ).
viii. ദ ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ്, 1989, 96, 97, 99, 2000, 2001, 2003.
ix. ദ മാനുഫാക്ടർ, സ്റ്റോറേജ് ആന്റ് ഇംപോർട്ട് ഓഫ് ഹസാർഡസ് കെമിക്കൽസ് റൂൾസ് 1989.

x. ദ കോസ്റ്റൽ റെഗുലേഷൻ നോട്ടിഫിക്കേഷൻ 1991 (1998, 1999, 2001, 2002, 2003 ലെ ഭേദഗതികളോടെ).

xi. ദ മാനുഫാക്ചർ, യൂസ്, ഇംപോർട്ട്, എക്സ്പോർട്ട് ആന്റ് സ്റ്റോറേജ് ഓഫ് ഹസാർഡസ് മൈക്രോ ഓർഗാനിസംസ് ആന്റ് ജനറ്റിക്കലി എഞ്ചിനിയേഡ് ഓർഗാനിസംസ് ഓർ സെൽസ് റൂൾസ് 1989.

xii. ദ എൻവയോൺമെന്റൽ ഇംപാക്ട് അസ്സസ്മെന്റ് 1994 (1997, 2000, 2001, 2002, 2004 ലെ ഭേദഗതികളോടെ).

xiii. ദ കെമിക്കൽ ആക്സിഡന്റ്സ് (എമർജൻസി പ്ലാനിംഗ്, പ്രിപ്പേർഡ്നസ് ആന്റ് റെസ്പോൺസ് റൂൾസ് (1996).

xiv. ദ എൻവയോൺമെന്റൽ പബ്ലിക് ഹിയറിംഗ് നോട്ടിഫിക്കേഷൻ, 1997.

xv. ദ ബയോ മെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ് 1998, 2000, 2003.

xvi. ദ റീസൈക്കിൾസ് പ്ലാസ്റ്റിക്സ് (മാനുഫാക്ചർ ആന്റ് യൂസേജ്) റൂൾസ് 1999 (2003 ലെ ഭേദഗതിയോടെ).

xvii. ദ എൻവയോൺമെന്റ് (സെറ്റിംഗ് ഫോർ ഇൻഡസ്ട്രിയൽ പ്രോജക്ട്സ്) റൂൾസ് 1999.

xviii. ദ നോയ്സ് പൊല്യൂഷൻ (റെഗുലേഷൻ ആന്റ് കൺട്രോൾ) റൂൾസ് 2000 (2002 ലെ ഭേദഗതികളോടെ).

xix. ദ മുനിസിപ്പൽ സോളിഡ് വേസ്റ്റ്സ് (മാനേജ്മെന്റ് & ഹാൻഡ്ലിംഗ്) റൂൾസ് 2000.

xx. ദ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് 2002 ആന്റ് ദ ബയോളജിക്കൽ ഡൈവേഴ്സിറ്റി റൂൾസ് 2004.

xxi. കേരള റിവർ ബാങ്ക് പ്രൊട്ടക്ഷൻ ആന്റ് സാൻഡ് മൈനിംഗ് റെഗുലേഷൻ ആക്ട് (2001).

xxii. ദ മോട്ടോർ വെഹിക്കിൾ ആക്ട് 1938 (1988 ലെ ഭേദഗതിയോടെ).

xxiii. ദ പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് ആക്ട് 1991.

xxiv. ദ പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് റൂൾസ് 1991 (1992, 93 ലെ ഭേദഗതികളോടെ).

3.2. ഇന്ത്യയിൽ മലിനീകരണ നിയന്ത്രണത്തിനായി ഒരു മലിനീകരണ നിയന്ത്രണ ബോർഡിന് രൂപം നൽകിയ ആദ്യ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. വനം-വന്യ ജീവി വിഭവങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി ഒട്ടേറെ പരിശ്രമങ്ങളും സർക്കാർ നടത്തിവരുന്നു.

3.3. പരിസ്ഥിതി മേഖലയിലെ ഗവേഷണ – വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനും സ്വയം ഭരണാവകാശമുള്ള ഒട്ടേറെ ഗവേഷണ സ്ഥാപനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ, ഏജൻസി ഫോർ നോൺ കൺവെൻഷണൽ ഏനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്) എന്നിവ അവയിൽപ്പെടുന്നു. സംസ്ഥാനത്തിനും സമൂഹത്തിനും പ്രയോജനപ്രദമായ ഗവേഷണങ്ങൾക്ക് നേതൃത്വം നൽകാനാണ് ഇത്തരം ശാസ്ത്ര സ്ഥാപനങ്ങൾക്ക് രൂപം നൽകിയിരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നയതീരുമാനങ്ങളിൽ ശാസ്ത്ര സാങ്കേതിക മേഖലയുടെ വിദഗ്ദ്ധോപദേശം ഉറപ്പിക്കുന്ന തരത്തിൽ 2002 ൽ സംസ്ഥാന സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക നയത്തിൽ ഭേദഗതി വരുത്തുകയുണ്ടായി. ഇതിനുപുറമെ വിവിധ സർവ്വകലാശാലാ വകുപ്പുകളും ഗവേഷണ കേന്ദ്രങ്ങളും ചില

സന്നദ്ധ സംഘടനകളും പരിസ്ഥിതി സംബന്ധമായ കാര്യങ്ങളിൽ ഗവേഷണ വികസന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നു.

3.4. പരിസ്ഥിതി സംരക്ഷണ നിയന്ത്രണ പരിപാലന നടപടികൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു എൺവയോൺമെന്റൽ പ്രൊട്ടക്ഷൻ പ്രോഗ്രാം പ്ലാനിംഗ് കമ്മിറ്റിക്കും (EPPPC) എൺവയോൺമെന്റൽ പ്രൊട്ടക്ഷൻ ടാസ്ക് ഫോഴ്സിനും (EPTF) രൂപം നൽകിയിട്ടുണ്ട്. നിർണായകമായ പരിസ്ഥിതി പ്രശ്നങ്ങളിൽ വിദഗ്ദ്ധോപദേശം തേടുന്നതിനുള്ള കൂടിയാലോചനകൾക്ക് ഈ ടാസ്ക്ക് ഫോഴ്സ് നേതൃത്വം നൽകുന്നു.

3.5. പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സ്ഥാപനങ്ങളും സംഘട നകളുമായി വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് കൂടുതൽ ഊന്നൽ നൽകേണ്ടിയിരി ക്കുന്നു. ഇതിനകം തന്നെ വിവിധ സർക്കാരേതര സ്ഥാപനങ്ങളും ബഹുജന സംഘടനക ളുമായി ചേർന്ന് പരിസ്ഥിതി ബോധവൽക്കരണത്തിന് കാര്യമായ പരിശ്രമം നടത്തിയിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ഉയർന്ന അറിവും അവബോധവുമുള്ള സമൂഹം എന്ന നില കൈവരിക്കാൻ നമുക്ക് സാധിച്ചു.

3.6. ജലവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനും ജലവിഭവത്തിന്റെ സുസ്ഥിര പരിപാലനം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ ഒരു സംസ്ഥാന ജലനയം ആവിഷ്ക്കരിച്ചിട്ടുണ്ട്.

3.7. സംസ്ഥാനത്തിന്റെ സമ്പന്നമായ ജൈവ വൈവിധ്യം ഡോക്യുമെന്റ് ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും സുസ്ഥിരമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനുമായി 2002 ലെ ദേശീയ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ടും 2004 ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ചട്ടങ്ങളും പ്രകാരം 2005 ൽ കേരളം കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് രൂപവൽക്കരിക്കുകയുണ്ടായി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപവൽക്കരിക്കുന്നതിന് ബോർഡ് നേതൃത്വം നൽകുന്നു. ഈ കമ്മിറ്റികൾ ഓരോ പ്രദേശത്തെയും ജൈവസമ്പത്തുകൾ കണ്ടെത്തി ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുകയും വാണിജ്യാവശ്യത്തിന് ജൈവ സമ്പത്തുകൾ വിനിയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള ജൈവവൈവിധ്യപരിപാലന പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്യുന്നു.

3.8. ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ സമൂഹത്തിന്റെ അടിത്തട്ടിൽ പരിസ്ഥിതി സംരക്ഷണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഏറ്റവും ഫലപ്രദമായ വികേന്ദ്രീകൃത സംവിധാനമാണ് ഇന്ന് നിലവിൽ വന്നിരിക്കുന്ന ത്രിതല പഞ്ചായത്തുകൾ. വികസനാസൂത്രണത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ ഊട്ടിയുറപ്പിക്കാൻ കേരളത്തിലെ ജനകീയാസൂത്രണപ്രക്രിയ ഏറെ സഹായിച്ചു. ചില പഞ്ചായത്തുകൾ ജൈവവൈവിധ്യ തോട്ടങ്ങളും പക്ഷി സങ്കേതങ്ങളും സ്ഥാപിക്കാൻ മുൻകൈ എടുത്തു. ബ്ലോക്ക് തലത്തിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള വലിയൊരു പരിശ്രമം ഇപ്പോൾ നടന്നുവരികയാണ്. സുസ്ഥിരവും തുല്യതയിലധിഷ്ഠിതവുമായ ഒരു വികസന പദ്ധതിക്കുള്ള ദീർഘകാല കാഴ്ചപ്പാട് സ്വരൂപിക്കാൻ ഈ സംരംഭം വഴിയൊരുക്കും. എന്തായാലും പരിസ്ഥിതി കാര്യ ങ്ങളിൽ പഞ്ചായത്തുകളെ ഇനിയും ശാക്തീകരിക്കേണ്ടതുണ്ട്.

3.9. പരിസ്ഥിതി പരിപാലനത്തിന് ഇപ്പോൾ നടന്നുവരുന്ന ഉദ്യമങ്ങൾ എത്ര ചെറുതാണെങ്കിലും ഒരർത്ഥത്തിലും അവഗണിക്കാവുന്നതല്ല. എന്നാൽ വികസനത്തിന് ഇന്നുണ്ടായിവരുന്ന ഊന്നലും പരിസ്ഥിതിക്കും ജീവസന്ധാരണോപാധികൾക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യഹാനിയും കണക്കിലെടുക്കുമ്പോൾ എന്തായാലും കൂടുതൽ സമഗ്രമായ ഒരു പരിസ്ഥിതി നയത്തിന്റെ ആവശ്യകത മറ്റെന്നത്തേക്കാളും പ്രസക്തമായിത്തീരുന്നു. താഴെ

ക്കൊടുത്തിരിക്കുന്ന സ്ഥൂല ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിലാണ് അത്തരമൊരു നയം രൂപീകരിക്കേണ്ടത്.

**4. പരിസ്ഥിതി നയത്തിന്റെ സ്ഥൂല ലക്ഷ്യങ്ങൾ**

4.1. **വിഭവങ്ങളുടെ പരിരക്ഷ ഉറപ്പാക്കൽ:** ജൈവ ജാതികൾ, ആവാസ വ്യവസ്ഥ, ജൈവ സമ്പത്തുകൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തിന്റെ എല്ലാ പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുക.

4.2. **വിഭവങ്ങളുടെ തുല്യലഭ്യതയും സുസ്ഥിരതയും ഉറപ്പാക്കൽ** : പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന സമൂഹത്തിലെ ഏറ്റവും ദരിദ്രരുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും വിഭവങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ ലഭ്യത ഉറപ്പുവരുത്തുകയും ജനങ്ങളുടെ ഇപ്പോഴും ഭാവിയിലുമുള്ള ആവശ്യങ്ങൾ നിർവഹിക്കാൻ സഹായകമാംവിധം പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര ഉപയോഗം ക്രമീകരിക്കുകയും ചെയ്യുക.

4.3. **പാരിസ്ഥിതിക വിഭവ വിനിയോഗം പരമാവധി കാര്യക്ഷമമാക്കൽ** : ഉല്പാദനക്ഷമതയ്ക്ക് ആനുപാതികമായി പ്രകൃതി വിഭവങ്ങളുടെ ഉപഭോഗം കുറച്ച് പാരിസ്ഥിതികാഘാതങ്ങൾ ലഘൂകരിക്കുന്നതിന് പ്രകൃതി വിഭവവിനിയോഗം കാര്യക്ഷമമാക്കുക.

4.4. **പുനരുജ്ജീവന, നവീകരണ പ്രവർത്തനങ്ങൾ** : ജീവന്റെ നിലനിൽപ്പിന് ആധാരമായ വായു, വെള്ളം, മണ്ണ്, ജൈവസമ്പത്തുകൾ എന്നിവയ്ക്ക് സംഭവിച്ചിരിക്കുന്ന അപചയങ്ങൾ ലഘൂകരിക്കുന്നതിനും ഭാവിയിൽ കൂടുതൽ ദോഷങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും അനുയോജ്യമായ പുനരുജ്ജീവന / നവീകരണ നടപടികൾക്ക് രൂപം നൽകുക.

4.5. മാലിന്യ നിർമാർജനത്തിന്, പ്രത്യേകിച്ചും വ്യാവസായിക – നഗര മേഖലകളിൽ നിന്നുള്ളവ യുടെ സംസ്ക്കരണത്തിന്, മാർഗരേഖയും നയങ്ങളും നിശ്ചയിക്കുക.

4.6. **പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ** : പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരമാവധി ഒഴിവാക്കി വികസന പ്രവർത്തനങ്ങൾ ശരിയായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക, സാമ്പത്തിക – സാമൂഹിക പുരോഗതിക്കായുള്ള വികസന പ്രവർത്തനങ്ങളുടെ നയം, പദ്ധതികൾ, പരിപാടികൾ എന്നിവയിൽ പരിസ്ഥിതി സംരക്ഷണം ഒരു മുഖ്യഘടകമായി സന്നിവേശിപ്പിക്കുക.

4.7. **പാരിസ്ഥിതിക സദ്ഭരണം** : പ്രകൃതി വിഭവ പരിപാലനത്തിനും വിനിയോഗത്തിലും സദ്ഭരണത്തിന്റെ തത്ത്വങ്ങൾ (സുതാര്യത, യുക്തി, ചിന്ത, ഉത്തരവാദിത്തം, സമയലാഭം, ചെലവുചുരുക്കൽ, പങ്കാളിത്തം) അനുവർത്തിക്കുക.

4.8. **വിഭവസമാഹരണം** : പ്രകൃതി വിഭവ സംരക്ഷണത്തിന് പ്രാദേശിക സമൂഹങ്ങൾ, പൊതുസ്ഥാപനങ്ങൾ, ഗവേഷകർ, അക്കാദമിക സമൂഹം, നിക്ഷേപകർ തുടങ്ങിയ വിവിധ വിഭാഗം ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ സാമ്പത്തികം, സാങ്കേതികം, മാനേജ്മെന്റ് വൈദഗ്ദ്ധ്യം, നാട്ടറിവുകൾ, സാമൂഹിക മൂലധനം തുടങ്ങിയ വിവിധതരം വിഭവങ്ങൾ സമാഹരിക്കുക.

4.9. **സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും പാരിസ്ഥിതികാവബോധം സൃഷ്ടിക്കുക** : മനുഷ്യന്റെ വർധിച്ചുവരുന്ന വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് നമ്മുടെ പരിസ്ഥിതി യെയും ആവാസവ്യവസ്ഥയെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സമൂഹ ത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും അവബോധം സൃഷ്ടിക്കുകയും എല്ലാ പരിസ്ഥിതി പ്രശ്നങ്ങളിലും പൊതുജനപങ്കാളിത്തം സാധ്യമാക്കുകയും ചെയ്യുക.

5. പൊതുസമീപനം

i. എല്ലാ പദ്ധതികളുടെയും ആസൂത്രണ ഘട്ടത്തിൽ തന്നെ അതിനു നൽകേണ്ടി വരുന്ന വിലയും ലഭിക്കുന്ന പ്രയോജനങ്ങളും കണക്കിലെടുത്ത് പാരിസ്ഥിതിക ആഘാതവിലയിരുത്തൽ നടത്തുക. പരിസ്ഥിതി സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ആവശ്യമായി വരുന്ന ചെലവ് പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുക. എല്ലാ കണക്കുകളും വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക

ii. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും എൺവയോൺമെന്റൽ ക്ലിയറൻസ് നിർബന്ധമാക്കുക

iii. കൃഷി, ജലവിഭവവികസനം, മൃഗസംരക്ഷണം, ഫിഷറീസ്, വ്യവസായം, ഖനനം – പാറ പൊട്ടിക്കൽ, ധാതു ഖനനം, സംസ്ക്കരണം, ഊർജ്ജം, വനവൽക്കരണം, വിനോദ സഞ്ചാരം, ഗതാഗതം, മനുഷ്യവാസകേന്ദ്രങ്ങൾ തുടങ്ങിയ മേഖലകളിലെ ഓരോ പ്രോജക്ടും നടപ്പാക്കുമ്പോൾ അതിന്റെ നയം, ആസൂത്രണം, സ്ഥലം തെരഞ്ഞെടുക്കൽ, സാങ്കേതിക വിദ്യ എന്നിവയുടെ കാര്യത്തിൽ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിന് അനുയോജ്യമായ നിയമ സുരക്ഷാ സംവിധാനത്തിന് രൂപം നൽകുക.

iv. പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകൾ സംബന്ധിച്ച ഗവേഷണം, വികസനം, വ്യാപനം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും വിന്യാസത്തിനും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

v. പാരിസ്ഥിതികമായി സചേതനമായ പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം ചെയ്യുക.

vi. വികസന പ്രവർത്തനങ്ങളുടെ ആസൂത്രണം, നിർവ്വഹണം എന്നിവയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ തേടുക, വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവഹണത്തിലും അവ ഉൾക്കൊള്ളിക്കുക.

vii. പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇക്കോമാർക്, ഇക്കോലേബലിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുക.

viii. ആവാസവ്യവസ്ഥയുടെ നിലനിൽപ്പും മനുഷ്യശേഷി വികസനവും ലക്ഷ്യമാക്കി സമൂഹത്തിൽ പാരിസ്ഥിതിക അവബോധം വളർത്തുക.

ix. പുഴയിലെ മണൽ, തടി തുടങ്ങിയവയ്ക്ക് പകരം ഉപയോഗിക്കാവുന്ന വസ്തുക്കൾ വഴി വ്യാവസായിക ഉല്പന്നങ്ങളിൽ പ്രകൃതി വിഭവങ്ങളുടെ അമിത ഉപഭോഗം കുറയ്ക്കുന്നതിനും അനാവശ്യമായ ധൂർത്ത് ഒഴിവാക്കുന്നതിനും പാഴ് വസ്തുക്കൾ പുനഃചംക്രമണം ചെയ്യുന്നതിനും പ്രേരണ ചെലുത്തുക.

x. പരിസ്ഥിതിയുടെ സുസ്ഥിരതയ്ക്ക് സഹായകമാംവിധം ലളിത ജീവിതരീതി സ്വീകരിക്കുന്നതിന് ആവശ്യമായ നയം രൂപീകരിക്കുകയും അക്കാര്യത്തിൽ മാതൃക കാട്ടുന്നവരെ അംഗീകരിച്ച് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

xi. പരിസ്ഥിതി പരിപാലനത്തിന് അനുയോജ്യമായ സംഘടനാ സംവിധാനം രൂപപ്പെടുത്തുകയും പ്രസ്തുത മേഖലയിൽ വൈദഗ്ദ്ധ്യം നേടിയവരുടെ മാനവശേഷി സമാഹരിക്കുകയും ചെയ്യുക.

xii. പരിസ്ഥിതി സംരക്ഷണത്തിനായി രൂപപ്പെടുത്തിയിട്ടുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

xiii. നഗരമാലിന്യ നിർമാർജനത്തിൽ ജാഗ്രതയോടെ പ്രവർത്തിക്കുക, ആശുപത്രി മാലിന്യ നിർമാർജനത്തിന് പ്രത്യേക തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

## തന്ത്രങ്ങളും കർമപരിപാടികളും

## 6. തണ്ണീർത്തട ആവാസവ്യവസ്ഥ

തന്ത്രം: ജനങ്ങൾക്ക് ജലം, ഭക്ഷണം, സാമ്പത്തിക പുരോഗതി എന്നിവ ഉറപ്പുവരുത്തുന്നതിന് പ്രപഞ്ചത്തിലെ ഏറ്റവും ഉല്പാദനക്ഷമമായ പാരിസ്ഥിതിക ആവാസവ്യവസ്ഥയായ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും സാധ്യമാക്കുക.

**കർമപരിപാടികൾ**

6.1. നദികൾ, തടാകങ്ങൾ, ജല സംഭരണികൾ, ഭൂഗർഭജലം, മഴവെള്ളം

6.1.1. ഓരോ തണ്ണീർത്തടത്തിലെയും ശുദ്ധജലത്തിന്റെ അളവ് കണക്കാക്കി സംസ്ഥാനത്ത് ആകെ ലഭ്യമായതും, വ്യവസായം, കൃഷി, ഫിഷറീസ്, വീട്ടാവശ്യങ്ങൾ, ആശുപത്രി, ഹോട്ടൽ വിനോദ കേന്ദ്രങ്ങൾ, പാരിസ്ഥിതിക പ്രവൃത്തികൾ എന്നിവയ്ക്ക് ഓരോന്നിനും ആവശ്യമായതുമായ ശുദ്ധജലത്തിന്റെ അളവ് നിർണയിക്കുക.

6.1.2. ജലത്തിന്റെ ആവശ്യകതയും ലഭ്യതയും നിരന്തരം നിരീക്ഷിച്ച് ജലചക്രം പൂർത്തിയാക്കുന്നതിന് കഴിയുംവിധം ജലവിനിയോഗം ക്രമീകരിക്കുക.

6.1.3. ജലചക്രം പൂർത്തിയാക്കുന്നതിന് ആവശ്യമായത്ര ജലം ലഭ്യമല്ലെങ്കിൽ അതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കുക.

6.1.4. എല്ലാ തലത്തിലുമുള്ള  മലിനീകരണം, തിരിച്ചുവിടൽ എന്നിവയിൽ നിന്ന് എല്ലാ ശുദ്ധജല സ്രോതസ്സുകളെയും സംരക്ഷിക്കുക.

6.1.5. എല്ലാ പ്രധാന നീർത്തടങ്ങളിലെയും മണ്ണൊലിപ്പ് നിരീക്ഷിക്കാൻ ക്രമീകരണം ചെയ്യുക.

6.1.6. മണ്ണൊലിപ്പ് നിരീക്ഷിക്കാൻ ലളിതമായ രീതികൾ വികസിപ്പിച്ചെടുക്കുക, പ്രവർത്തനങ്ങളിൽ സ്കൂളുകളെയും കോളേജുകളെയും ഉൾപ്പെടുത്തുക.

6.1.7. പാരിസ്ഥിതികാഘാത പഠനം നടത്താതെയുള്ള ഭീമമായ ജലവിനിയോഗം നിരോധിക്കുക.

6.1.8. ഉപതടങ്ങളെ അടിസ്ഥാനമാക്കി മഴ ലഭ്യതയുടെ കണക്കുകൾ രേഖപ്പെടുത്തുക.

6.1.9. മഴവെള്ളശേഖരണം നിർബന്ധമാക്കുന്നതിനുള്ള നിയമങ്ങൾ ആവിഷ്ക്കരിക്കുക.

6.1.10. പുതിയ പദ്ധതികൾക്ക് അനുമതി നൽകുന്നതിനുമുമ്പ് അവയുടെ മാലിന്യങ്ങൾ ഒഴുകിയെത്തുന്ന നീർത്തടങ്ങളുടെ മാലിന്യ വാഹകശേഷി വിലയിരുത്തുക.

6.1.11. വ്യവസായം, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിങ്ങനെ ഓരോ വിഭാഗത്തിനും മുൻകൂർ അനുമതിയില്ലാതെ ഉപയോഗിക്കാവുന്ന ശുദ്ധജലത്തിന്റെ പരമാവധി അളവ് നിശ്ചയിക്കുക.

6.1.12. ജലസംരക്ഷണം, പുനഃചംക്രമണം, ഉപരിതല ജലത്തിന്റെയും ഭൂഗർഭജലത്തിന്റെയും പരമാവധി ഉപയോഗം നിശ്ചയിക്കൽ, മഴവെള്ള ശേഖരണം എന്നിവ വ്യക്തമായ മാർഗനിർദേശങ്ങളോടെ പ്രാദേശിക ഭരണ സംവിധാനത്തിന്റെ നിയന്ത്രണത്തിലാക്കുക.

6.1.13. സംസ്ക്കരിച്ച വ്യാവസായികാവശിഷ്ടങ്ങൾ ശുദ്ധജല തടങ്ങളിലേയ്ക്ക് വിടുന്നതിന്റെ ദീർഘകാല പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് പാരിസ്ഥിതിക വിഷനിർണയ ശാസ്ത്ര (Ecotoxicology) പഠനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ നിലവാര മാനദണ്ഡങ്ങൾ ഏർപ്പെടുത്തുക.

6.1.14. ജലത്തിന്റെ ഉപഭോഗം, സംരക്ഷണം എന്നിവ സംബന്ധിച്ച് ജനങ്ങളിൽ ശരിയായ അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാനതല ജലസാക്ഷരതാ മിഷന് രൂപം നൽകുക.

### 6.2. കുടിവെള്ളം

6.2.1. സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ പ്രതിശീർഷ ആവശ്യകത മേഖലാതലത്തിൽ നിർണയിക്കുകയും മറ്റ് ഗാർഹികാവശ്യങ്ങൾക്കും ജലസേചനത്തിനും വേണ്ട ജലത്തിന്റെ കണക്ക് വേർതിരിച്ച് വിലയിരുത്തുകയും ചെയ്യുക.

6.2.2. എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക.

6.2.3. ജനകീയാടിസ്ഥാനത്തിൽ ഗ്രാമതലത്തിലുള്ള കുടിവെള്ള വിതരണ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക.

6.2.4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയാടിസ്ഥാനത്തിൽ നിരീക്ഷണത്തിനും ജലത്തിന്റെ ഗുണപരിശോധനയ്ക്കും സംവിധാനം ഏർപ്പെടുത്തുക.

### 6.3. ജലസേചനം

6.3.1. പരിസ്ഥിതിക്ക് അധികം ദോഷം വരുത്താത്ത ചെറുകിട ജലസേചന പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

6.3.2. കുളത്തിൽ നിന്നുള്ള ജലസേചനം അടക്കം പരമ്പരാഗത ജലപരിപാലന രീതികളും ഒഴുകിപ്പോകുന്ന മഴവെള്ളത്തെ പ്രയോജനപ്പെടുത്തുന്ന ബദൽ ജലസേചന ഉപാധികളും പ്രോത്സാഹിപ്പിക്കുക.

6.3.3. ജലവിനിയോഗത്തിലെ കാര്യക്ഷമത ഉയർത്തൽ, സംരക്ഷണം, പുനഃചംക്രമണം എന്നിവയ്ക്ക് അനുയോജ്യമായ നടപടികൾ സ്വീകരിക്കുക.

6.3.4. മുൻകാല പദ്ധതികളുടെ പോരായ്മകൾ വിലയിരുത്തി പരിസ്ഥിതി സൗഹൃദ രീതിയിൽ ജലസേചന പദ്ധതികൾ സംവിധാനം ചെയ്ത് നടപ്പാക്കുക.

6.3.5. വെള്ളം കെട്ടി നിൽക്കുന്നത് തടയുന്നതിന് അനുയോജ്യമായ ഡ്രെയിനേജ് രൂപകല്പന എല്ലാ ജലസേചന പദ്ധതികളുടെയും അവിഭാജ്യഘടകമായി ഉൾക്കൊള്ളിക്കുക.

6.3.6. ജലപരിപാലനത്തിന് അനുയോജ്യമായ മാർഗരേഖ തയ്യാറാക്കുക.

6.3.7. ജലസേചന പദ്ധതികളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതിന് കമാൻഡ് ഏരിയാ സമീപനം അവലംബിക്കുക.

6.3.8. പ്രാദേശികമായ ജലവിഭവ വിനിയോഗം, ജലസംരക്ഷണം, പുനഃചംക്രമണം, ജലസേചനത്തിന്റെ പരമാവധി പ്രയോജനം, വിള പരിപാലനം എന്നിവ ഉൾപ്പെടുത്തി സമഗ്രമായ ജലസേചന സംവിധാനം വികസിപ്പിച്ചെടുക്കുക.

6.3.9. പരിസ്ഥിതി സംരക്ഷണത്തിന് അനുഗുണമായ കൂട്ടുകൃഷി സമ്പ്രദായത്തിന്റെ പരിപോഷണം കർഷക സംഘടനാ രൂപീകരണം എന്നിവയിലൂടെ ജലസേചന പരിപാലനത്തിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുക.

6.3.10. എല്ലാ ജലസേചന പദ്ധതികളുടെയും സാമൂഹിക നേട്ടം, പരിസ്ഥിതി ആഘാതം എന്നിവ നിരന്തരം നിരീക്ഷിക്കുക.

### 6.4. കുളങ്ങൾ, തടാകങ്ങൾ, കണ്ടൽക്കാടുകൾ

6.4.1. തണ്ണീർത്തടം നശിപ്പിക്കുന്ന ഒരു പ്രവൃത്തിക്കും അനുവാദം നൽകാതിരിക്കുക.

6.4.2. എല്ലാത്തരം തണ്ണീർത്തടങ്ങളും പരിവർത്തനം ചെയ്യുന്നത് തടയുന്നതിന് കർശനമായ നിയമനിർമാണം നടത്തുക.

6.4.3. അനുയോജ്യമായ നിയമനിർമാണങ്ങളിലൂടെ നിലവിലുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുകയും സാധ്യമായ ഇടങ്ങളിലെല്ലാം നശിച്ചുപോയ കണ്ടൽക്കാടുകളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക.

6.4.4. സാധ്യമായ സ്ഥലങ്ങളിലെല്ലാം കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

6.4.5. ജലഗതാഗത പാതകൾ (നാഷണൽ വാട്ടർവേ) വികസിപ്പിക്കുന്ന സംഗതിയിൽ ജലവാഹനങ്ങളിൽ നിന്നുള്ള എണ്ണയും മറ്റ് മാലിന്യങ്ങളും വീണ് ജലാശയം മലിനീകരിക്കപ്പെടാതിരിക്കാൻ ശക്തമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുക.

6.4.6. തണ്ണീർത്തട നശീകരണത്തിന്റെ പാരിസ്ഥിതിക വിപത്തുകളെക്കുറിച്ച് പൊതുജനങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ബോധവൽക്കരിക്കുക.

6.4.7. തണ്ണീർത്തടമേഖലയിൽ വിനാശകരമായ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുക.

6.4.8. തണ്ണീർത്തടങ്ങളെ അവയുടെ ജൈവവൈവദ്ധ്യത്തിന് പോറലേൽപ്പിക്കാതെ സുസ്ഥിര പുരോഗതിക്ക് പ്രയോജനപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക.

**7. വനം, വന്യജീവി, ഫിഷറീസ്**

**തന്ത്രം : വനം, വന്യജീവികൾ എന്നിവയെ സംരക്ഷിക്കുക, മത്സ്യവിഭവങ്ങളുടെ സുസ്ഥിര ഉപഭോഗം ഉറപ്പാക്കുക.**

**കർമ പരിപാടികൾ**

7.1. സുപ്രീംകോടതി നിർവചനം 202/95 പ്രകാരം എല്ലാ സ്വാഭാവിക വനങ്ങളുടെയും സർവേ, മാപ്പിംഗ്, വിഭജനം എന്നിവ നടത്തുക.

7.2. ജൈവവൈവിധ്യസംരക്ഷണത്തിന് ഊന്നൽ നൽകി സംരക്ഷണ, പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുക.

7.3. കാവുകളെ അവയുടെ സാംസ്ക്കാരിക മൂല്യവും ജൈവ വൈവിധ്യവും നശിപ്പിക്കാതെ സംരക്ഷിക്കുക.

7.4. കഴിയുന്നത്ര സ്ഥലങ്ങളിൽ അപചയം വന്ന വനങ്ങളെ ജനപങ്കാളിത്തത്തോടെ, പുനരുജ്ജീവിപ്പിക്കുക.

7.5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ മരുവൽകൃത പ്രദേശങ്ങളിൽ വനവൽക്കരണ – സാമൂഹ്യവനവൽക്കരണ പദ്ധതികൾ വഴി മരങ്ങൾ വച്ചുപിടിപ്പിക്കുക.

7.6. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കാർഷിക വനവൽക്കരണം ശക്തിപ്പെടുത്തി വനഉല്പന്നങ്ങളുടെ ഉല്പാദനവർദ്ധനയും കാര്യക്ഷമമായ വിനിയോഗവും ഉറപ്പാക്കുക.

7.7. പ്രാദേശികതലത്തിൽ വനഉല്പന്നങ്ങളായ ഔഷധച്ചെടികൾ, തടി, വിറക്, തീറ്റപ്പുല്ല്, പച്ചിലവളം എന്നിവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുക.

7.8. തടിയേതര വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്ന ഗോത്ര വർഗക്കാരെ പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത രീതിയിൽ അത് തുടരുന്നതിൽ സഹായിക്കുക. അതിനുള്ള അവകാശം വനത്തിനുള്ളിലെ ഗോത്ര വർഗക്കാർക്കു മാത്രമായി പരിമിതപ്പെടുത്തുക.

7.9. തടി അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ വനത്തെ മാത്രം ആശ്രയിക്കാതെ മറ്റ് സ്രോതസ്സുകൾ തേടുന്നതിന് പ്രേരിപ്പിക്കുക.

7.10. വനപരിപാലനത്തിന് പങ്കാളിത്ത വന മാനേജ്മെന്റ് നയം ശക്തിപ്പെടുത്തുക/ നടപ്പാക്കുക.

7.11. നഷ്ടപ്പെട്ടുപോയ വനഭാഗങ്ങൾ അനുയോജ്യമായ പ്രവർത്തനങ്ങളിലൂടെ പുന:സ്ഥാപിച്ച് ഇടനാഴികൾ സ്ഥാപിക്കുക.

7.12. വനാധിഷ്ഠിത വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്നവരും കർഷകരുമായി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള അവസരമൊരുക്കി കൃഷിയിടങ്ങളിൽ അവരുടെ പ്രധാന വിളകൾ ഒഴിവാക്കാതെയും ചെറുകിട ഇടത്തരം കർഷകരെ ബാധിക്കാതെയും മര ഉരുപ്പടികൾക്കുള്ള വിഭവങ്ങൾ ഉല്പാദിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.

7.13. വനത്തിനുള്ളിലെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ കർശനമായ മേൽനോട്ടത്തിലാക്കി നിയന്ത്രിക്കുക. സ്വാഭാവികമായ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെ സംരക്ഷിക്കുന്നതിന് ആവശ്യമായ ഭരണ / നിയമ നിർമാണ നടപടികൾ സ്വീകരിക്കുക.

7.14. സ്വാഭാവിക ആവാസ വ്യവസ്ഥയിലേയ്ക്ക് വിദേശ ജൈവജാതി ഇനങ്ങളുടെ കടന്നുകയറ്റം തടയുക.

7.15. ദേശ്യപുഴമത്സ്യങ്ങളെ കൃത്രിമമായി ഉല്പാദിപ്പിച്ച് പുഴ മത്സ്യങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ ഗവേഷണ – വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

7.16. തദ്ദേശീയ അലങ്കാര മത്സ്യങ്ങളുടെ അമിത ചൂഷണവും RET (Rare, Endangered, Threatened) വിഭാഗത്തിലുൾപ്പെടുത്തിയിട്ടുള്ള, വംശനാശഭീഷണി നേരിടുന്ന മത്സ്യ ഇനങ്ങളുടെ ശേഖരണവും തടയുക.

7.17. വംശനാശഭീഷണി നേരിടുന്ന മത്സ്യഇനങ്ങൾ ഉള്ള പുഴകളിൽ മത്സ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുക.

7.18. സ്ഫോടക വസ്തുക്കളും വിഷവും ഉപയോഗിച്ച് മീൻ പിടിക്കുന്നത് എല്ലാ ജലാശയങ്ങളിലും നിരോധിക്കുക.

7.19. തുറസ്സായ ജലാശയങ്ങളിൽ വിവേചന രഹിതമായും അമിതമായും മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുക.

7.20. വനവിഭവങ്ങളുടെ സംരക്ഷണം, പുനരുദ്ധാരണം, സുസ്ഥിര ഉപഭോഗം എന്നിവ സംബന്ധിച്ച ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക. മുൻഗണന നൽകേണ്ട കാര്യങ്ങൾ:

a. സ്വാഭാവിക വനങ്ങളുടെ അപചയം, വന്യജീവികളുടെ നാശം എന്നിവയുടെ കാരണങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ.

b. വനങ്ങളുടെ ഉല്പാദനക്ഷമത ഉയർത്തുന്നതിനും മെച്ചപ്പെട്ട രീതിയിൽ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള വിപുലമായ ഗവേഷണങ്ങൾ.

c. വനവിഭവങ്ങളുടെ കാര്യക്ഷമവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വിനിയോഗം, അതുസംബന്ധിച്ച അറിവുകളുടെ വ്യാപനം എന്നിവയ്ക്ക് അനുയോജ്യമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ.

d. സസ്യ പുഷ്പ ജന്തുജാലങ്ങളുടെ വംശനാശ കാരണം, അവയുടെ പ്രത്യുല്പാദന രീതി, അവ പുനരുജ്ജീവിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവയെപ്പറ്റി വിപുലമായ ഗവേഷണം

e. പരിസ്ഥിതി അപചയം കൂടാതെ വനവിഭവങ്ങൾ ലഭ്യമാക്കി വനപരിപാലനം സാധ്യമാക്കുന്നതിനുള്ള മാർഗങ്ങൾ.

f. ക്ഷയിച്ചുപോയ വനങ്ങൾ ഘട്ടംഘട്ടമായി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള വഴികൾ.

g. മനുഷ്യനിർമിത വനങ്ങളുടെ ഉല്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ

h. ആവാസവ്യവസ്ഥയെ നശിപ്പിക്കുന്ന രീതിയിലുള്ള ടൂറിസം – ഇക്കോ ടൂറിസം – സംരംഭങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം.

**8. കൃഷിഭൂമി സംവിധാനങ്ങൾ**

തന്ത്രം : കേരളത്തിൽ പരിമിതമായ ഭൂമി, വെള്ളം, മനുഷ്യശേഷി, സാങ്കേതിക വിദ്യകൾ എന്നിവയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യവിഭവങ്ങൾ ഉല്പാദിപ്പിക്കുന്നതിന്, പരിസ്ഥിതിക്ക് ദോഷം ചെയ്യാതെ കൃഷിഭൂമിയുടെ ഉല്പാദനക്ഷമത വർധിപ്പിച്ച് കാർഷികമേഖല പുഷ്ടിപ്പെടുത്തുക.

**8.1. പൊതുവിളകൾ**

8.1.1. മണ്ണിന്റെ ഗുണനിലവാരം തകരുന്നതു തടയാൻ മണ്ണ് സംരക്ഷണ – സമ്പുഷ്ടീകരണ പദ്ധതികൾ ശക്തിപ്പെടുത്തുക.

8.1.2. മണ്ണിന്റെ പുഷ്ടി മെച്ചപ്പെടുത്തുന്നതിന് യഥാസമയം മണ്ണുപരിശോധന നടത്തുക.

8.1.3. ഉല്പാദന ക്ഷമത നിലനിർത്തുന്നതിന് സഹായകമായ വിളപരിവർത്തനക്രമവും ഭൂമിയുടെ ക്ഷമത കണക്കിലെടുത്തുള്ള വിളവർഗീകരണവും നടത്തുക.

8.1.4. അടുത്ത 5–10 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ കൃഷി പൂർണമായും ജൈവകൃഷിയിലേക്ക് പരിവർത്തനം ചെയ്യുന്നതിന് സാധിക്കത്തക്കവിധം സംസ്ഥാന സർക്കാരിന്റെ ജൈവകൃഷി നയമനുസരിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

8.1.5. പാരമ്പര്യവിളകൾ പുനരുദ്ധരിക്കുക. അവയുടെ സംരക്ഷണത്തിന് ജീൻ/വിത്ത് ബാങ്കുകൾ സ്ഥാപിക്കുക.

8.1.6. ജൈവവളം, ജൈവ കമ്പോസ്റ്റ്, ജൈവകീടനാശിനികൾ എന്നിവയുടെ ഉപയോഗം വഴി മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്നതിനും രോഗകീട നിയന്ത്രണത്തിനും സംയോജിത സംവിധാനം രൂപപ്പെടുത്തുക.

8.1.7. നെല്പാടങ്ങൾ സംരക്ഷിക്കുകയും അവ മറ്റാവശ്യങ്ങൾക്കായി മാറ്റി മറിക്കുന്നത് തടയുകയും ചെയ്യുക.

8.1.8. കൃഷിയിൽ രാസവളങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക, സംസ്ഥാന ജൈവകൃഷി നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന കാലയളവിനുള്ളിൽ ഘട്ടം ഘട്ടമായി രാസ കീടനാശിനി പ്രയോഗം നിർത്തലാക്കുക.

8.1.9. ജലസംരക്ഷണത്തിനും വിനിയോഗത്തിനും കാര്യക്ഷമവും അതേസമയം ചെലവു കുറഞ്ഞതുമായ മാർഗങ്ങൾ വികസിപ്പിച്ചെടുക്കുക.

8.1.10. വീട്ടുവളപ്പിലെ പരമ്പരാഗത സമീകൃതകൃഷി രീതി പ്രോത്സാഹിപ്പിക്കുക.

8.1.11. സ്റ്റോറേജ് സംവിധാനം, വിപണനത്തിന് സഹായം, വില നിലവാരം പിടിച്ചു നിർത്തുന്നതിന് പ്രാദേശിക വിപണന കേന്ദ്രങ്ങൾ എന്നിവ വഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് ഉല്പാദകരെ മുക്തരാക്കുക.

8.1.12. സുസ്ഥിര കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക, അതുമായി ബന്ധപ്പെട്ട ഗവേഷണ പദ്ധതികൾക്ക് മുൻഗണന നൽകുക.

8.1.13. ജലവും മറ്റ് ഊർജ്ജ വിഭവങ്ങളും പരമാവധി കുറച്ച് ഉപയോഗിച്ച് കൃഷി ചെയ്യാൻ കഴിയുന്ന വിളകൾ പ്രചരിപ്പിക്കുക.

**8.2. നെൽകൃഷി**

നമ്മുടെ സംസ്ഥാനത്ത് നെൽകർഷകർ ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും അനവധിയാണ്. അവ പരിഹരിക്കാൻ താഴെപ്പറയുന്ന പാരിസ്ഥിതിക പരിഹാര മാർഗങ്ങൾ സഹായകമാകും.

8.2.1. നീർച്ചാലുകൾ, തോടുകൾ, ഇടത്തോടുകൾ, കുളങ്ങൾ തുടങ്ങിയ പരമ്പരാഗത ജലസംരക്ഷണ-ജലസേചന രീതികൾ പുന:സ്ഥാപിച്ച് പൊതുജനാവശ്യത്തിനും ജലസേചനത്തിനും പൊതുവായി ഉപയോഗപ്പെടുത്തുക (ഉദാഹരണം – ക്ഷേത്രക്കുളങ്ങൾ)

8.2.2. പാടത്തെ വരമ്പുകളിൽ പയറുവർഗങ്ങൾ വച്ചുപിടിപ്പിച്ച് ആദായം വർദ്ധിപ്പിക്കുക, അതോടൊപ്പം വരമ്പുകൾ ശക്തിപ്പെടുത്തുക.

8.2.3. ഉപയോഗിക്കാത്ത നെൽപ്പാടങ്ങളിലും മറ്റു പറമ്പുകളിലും തീറ്റപ്പുൽകൃഷി നടത്തി കാലി വളർത്തലിലൂടെ ആദായം വർദ്ധിപ്പിക്കുക.

8.2.4. വൈക്കോൽ സംരക്ഷിച്ച് ഉപയോഗപ്പെടുത്തുക.

8.2.5. സാധിക്കുന്നിടത്തെല്ലാം കോഴി – താറാവ് വളർത്തലുമായി സംയോജിപ്പിച്ച് നെൽകൃഷി കൂടുതൽ ആദായകരമാക്കുക.

**8.3. പുരയിടകൃഷി**

8.3.1. ഭൂമിയെ ചെറുതുണ്ടുകളായി തിരിക്കൽ, ശരിയായ പരിപാലനത്തിന്റെ അഭാവം മൂലമുണ്ടാകുന്ന പാരിസ്ഥിതിക ക്ഷയം, അയൽക്കാരുടെയും പൊതു സ്ഥാപനങ്ങളുടെയും അനിയന്ത്രിതമായ ഇടപെടലുകൾ തുടങ്ങിയവ മൂലം രൂക്ഷമായ സാമ്പത്തിക – പാരിസ്ഥിതിക പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന ഈ വിഭാഗം കർഷകരുടെ രക്ഷയ്ക്ക് പ്രത്യേക ശാക്തീകരണ സംവിധാനവും പരിരക്ഷയും ആവശ്യമായിരിക്കുന്നു.

8.3.2. ഇത്തരം കർഷകരെ അയൽക്കൂട്ടാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ കൃഷിയിടങ്ങളെ പാരിസ്ഥിതിക ദുരന്തങ്ങളിൽ നിന്ന് രക്ഷിക്കുന്നതിന് സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുൻകൈ എടുക്കുന്നതാണ്. ചില ഉദാഹരണങ്ങൾ.

a. കൃഷി ഭൂമിയിൽ നിന്ന് പരമാവധി നേട്ടം ഉണ്ടാക്കുന്നതിന് മണ്ണും ജലാംശവും സംരക്ഷിക്കുന്നതിന് കൂട്ടായ മാർഗങ്ങൾ ആരായുക.

b. ഭൂമിയിൽ കെട്ടിട നിർമ്മാണം, വീടിന്റെ വിപുലീകരണം എന്നിവ പരിമിതപ്പെടുത്തി സ്വന്തം പറമ്പിലെ കൃഷി വിളകളെ സംരക്ഷിക്കുകയും അയൽക്കാരുടെ ഭൂമിയിലെ കാർഷിക പരിസ്ഥിതി തകരാറിലാക്കാതെ സഹായിക്കുകയും ചെയ്യുക.

c. പൊതുവായി പ്രയോജനം ചെയ്യുന്ന പ്രവൃത്തികൾ – വേലി, ബണ്ടുകൾ, ജലാംശം സംരക്ഷിക്കുന്നതിനുള്ള കുഴികൾ – സംയുക്തമായി ചെയ്യുക. കുറച്ചു ഭൂമിയിൽ നിന്ന് കൂടുതൽ ആദായമുണ്ടാക്കുന്ന കൃഷി വിളകൾ – ഓർക്കിഡ്, വാനില എന്നിവയുടെ കൃഷി, പ്രോസസ്സിംഗ്, വിപണനം എന്നിവ കൂട്ടായി ചെയ്യുക. തീറ്റപ്പുൽ കൃഷി, കാലി വളർത്തൽ എന്നിവ കൂട്ടിയിണക്കി ആദായം വർദ്ധിപ്പിക്കുക.

d. ഭൂമിയുടെ ബദൽ ഉപയോഗത്തെക്കുറിച്ചുള്ള പദ്ധതികൾ, നഗരവികസനവും ഭവന നിർമാണവുമടക്കം, കൂട്ടായി പരിഗണിക്കുകയും അതുവഴി സുതാര്യമായ രീതിയിൽ അനുവാദം നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന് അവസരമൊരുക്കുകയും ചെയ്യുക.

**8.4. ജനിതകമാറ്റം വരുത്തിയ സസ്യജാലങ്ങൾ**

8.4.1. പരീക്ഷിച്ചുറപ്പുവരുത്താത്ത വൈദേശിക ഇനം നടീൽ വസ്തുക്കളുടെ വ്യാപകവും വിവേചന രഹിതവുമായ ഉപയോഗം, അവ എത്രതന്നെ പ്രചാരത്തിലായിരിക്കുന്നതായാലും, അപരിഹാര്യമായ നാശനഷ്ടങ്ങൾക്കിടയാക്കും. ജനിതമാറ്റം വരുത്തിയ സസ്യജാലങ്ങളുടെ ദോഷങ്ങളെക്കുറിച്ച് പഞ്ചായത്തുകളെയും, കർഷകരെയും നിരന്തരം ബോധവൽക്കരിക്കുന്നതാണ്.

8.4.2. ജനിതകമാറ്റം വരുത്തിയ ഇനങ്ങൾ സാമ്പത്തിക, ആരോഗ്യ, പാരിസ്ഥിതിക മേഖലകളിൽ ഉണ്ടാക്കുന്ന വിപരീത ഫലങ്ങളെക്കുറിച്ച് ലോകമെങ്ങും നിലനിൽക്കുന്ന വിവാദങ്ങൾ സംശയാതീതമായി പര്യവസാനിക്കുംവരെ കേരള സർക്കാർ, അത്തരം സസ്യജീവജാലങ്ങളുടെ ഉപയോഗം സംസ്ഥാനത്ത് അനുവാദിക്കില്ലെന്ന പ്രഖ്യാപിത നിലപാട് തുടരുന്നതാണ്.

**9. തീരദേശ – സമുദ്രവിഭവങ്ങൾ**

**തന്ത്രം : സംസ്ഥാനത്തെ തീരദേശ– സമുദ്ര പരിസ്ഥിതി ഘടനയുടെയും മത്സ്യങ്ങളുടെയും – സമുദ്ര മത്സ്യവും പുഴ മത്സ്യവും – സുസ്ഥിര പരിപാലനം ഉറപ്പാക്കുക.**

**കർമപരിപാടികൾ**

9.1. ഉൾനാടൻ, സമുദ്ര മത്സ്യവിഭവങ്ങളുടെയും സുസ്ഥിരമായ രീതിയിൽ മത്സ്യബന്ധനം നടത്താവുന്ന പരമാവധി വിഭവങ്ങളുടെയും കൃത്യമായ ഒരു സ്ഥിതിവിവരകണക്ക് – ഡാറ്റാ ബേസ് – തയ്യാറാക്കുക.

9.2. കടലിന്റേയും പുഴകളുടേയും കരകൾ ഇടിഞ്ഞിറങ്ങുന്നത് ജൈവരീതികളിലൂടെ തടയുന്നതിന് നടപടി സ്വീകരിക്കുക.

9.3. ആവശ്യം, ഉല്പാദനം, വിതരണം എന്നിവ തമ്മിലുള്ള വിടവ് നികത്തുന്നതിന് പരിസ്ഥിതി – സൗഹൃദ മീൻ വളർത്തൽ പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

9.4. അമിത മത്സ്യബന്ധനം തടയുന്നതിന് നിയന്ത്രണസംവിധാനം ഏർപ്പെടുത്തുക, സുസ്ഥിര മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുക.

9.5. മലിനീകരണം, നവീകരണം, കളകളുടെ ആക്രമണം, ആഴം കൂട്ടൽ, അമിത ചൂഷണം, അശാസ്ത്രീയമായ മീൻപിടിത്തം എന്നിവമൂലം സമുദ്രജീവി സമ്പത്തിനുണ്ടാകുന്ന നാശത്തിൽ നിന്ന് രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക.

9.6. കേരളത്തിന്റെ സമുദ്രാതിർത്തിയിൽ മഴക്കാലത്ത് ട്രോളിംഗ് നിയന്ത്രിക്കുക. പ്രയോജനപ്പെടുത്താവുന്ന മത്സ്യസമ്പത്തിന്റെ അളവ് അടിക്കടി തിട്ടപ്പെടുത്താൻ സ്ഥിരമായ പഠന – വിലയിരുത്തലുകൾ നടത്തുക.

9.7. മീൻ കുഞ്ഞുങ്ങളെയും ഷെൽ മത്സ്യങ്ങളെയും വംശനാശത്തിൽ നിന്ന് രക്ഷിക്കുന്നതിന് ട്രോളിംഗിൽ നിരോധിത വലക്കണ്ണികൾ ഉപയോഗിക്കുന്നത് കർശനമായി തടയുക.

9.8. നദീമുഖങ്ങളുടെ കവാടത്തിൽ മീൻപിടിത്തം നിയന്ത്രിക്കുക.

9.9. മത്സ്യ വിഭവങ്ങളുടെ പരമാവധി വിനിയോഗം നിരീക്ഷിക്കുന്നതിനും അമൂല്യമായ മത്സ്യസമ്പത്തിന്റെ സുസ്ഥിരവും സുരക്ഷിതവുമായ പ്രയോജനം ഉറപ്പുവരുത്തുന്നതിനും ഒരു ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സെൽ രൂപീകരിക്കുക. ഈ മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് ക്ലിയറൻസ് നൽകുന്ന ഏജൻസിയായി കൂടി ഇത് പ്രവർത്തിക്കണം.

9.10. സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള എല്ലാ മത്സ്യബന്ധന നൗകകളുടെയും രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക.

9.11. ഫിഷറീസ് മാനേജ്മെന്റ്, മോണിറ്ററിംഗ്, മത്സ്യബന്ധനത്തിനുള്ള ബുദ്ധിമുട്ടുകൾ, ഊർജ ഉപഭോഗം നിയന്ത്രിക്കൽ എന്നിവയ്ക്ക് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഫലപ്രദമായി ഉപയോഗപ്പെടുത്തുക.

9.12. മോട്ടോർ ഘടിപ്പിച്ചതും ഘടിപ്പിക്കാത്തതുമായ നൗകകളിൽ മീൻ പിടിക്കാൻ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ യാത്ര, ഉത്തരവാദിത്തപരമായ മത്സ്യബന്ധനം, ലോഗ് സൂക്ഷിക്കൽ, റിപ്പോർട്ടിംഗ് എന്നിവയിൽ പരിശീലനവും സർട്ടിഫിക്കേഷനും നിർബന്ധമാക്കുക.

**10. മൃഗസംരക്ഷണം**

പരിസ്ഥിതിക്ക് ദോഷം വരുത്താതെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകമായ രീതിയിൽ ആരോഗ്യവും ഉല്പാദനക്ഷമതയുമുള്ള മൃഗസമ്പത്ത് നിലനിർത്തുന്നതിന് മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതിക കർമപരിപാടികൾ

10.1. തദ്ദേശീയ ഇനങ്ങളുടെ ജനിതകവിപര്യാസം മെച്ചപ്പെടുത്തുക.

10.2. വനപ്രദേശങ്ങളിൽ തീറ്റപ്പുൽ വിഭവങ്ങൾ സംരക്ഷിക്കുന്നതിനും രോഗങ്ങൾ പകരുന്നത് തടയുന്നതിനും കന്നുകാലികളുടെ എണ്ണം നിയന്ത്രിക്കുക.

10.3. മേച്ചിൽപ്പുറങ്ങളുടെ പുനരുജ്ജീവനവും സുസ്ഥിരമായ ഉപയോഗവും ഉറപ്പു വരുത്തുന്നതിന് സ്റ്റാൾഫീഡിംഗും മേച്ചിൽ പരിക്രമവും നടപ്പാക്കുക.

10.4. തീറ്റപ്പുൽ കൃഷിയുടെ ആവശ്യവും ഉല്പാദനവും തമ്മിലുള്ള വിടവ് നികത്തുന്നതിന് പുൽകൃഷി പ്രോത്സാഹിപ്പിക്കുക.

10.5. മൃഗഫാമുകളിൽ ശുചിത്വവും ശാസ്ത്രീയമായ മാലിന്യ പരിപാലനസംവിധാനവും ഉറപ്പാക്കുക.

10.6. കർഷകർക്ക് പരമാവധി നേട്ടം ഉണ്ടാക്കുംവിധം കൃഷി, മൃഗപരിപാലനം എന്നിവ ശാസ്ത്രീയമായി സംയോജിപ്പിക്കുക.

10.7. കന്നുകാലികൾ അതിക്രമിച്ചു കടക്കുന്നതും അമിതമായി മേയുന്നതും തടയുന്നതിനും ഗോബർഗ്യാസ്, കമ്പോസ്റ്റ് വളം, മണ്ണിര വളം, പുല്ലുല്പാദനം എന്നിവ ഫലപ്രദമാക്കുന്നതിനും അയൽക്കൂട്ട സംഘങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.

10.8. പാൽ ഉല്പാദകർക്ക് മൂല്യവർധിത ഉല്പന്നങ്ങൾ വഴി പരമാവധി നേട്ടം ഉണ്ടാക്കുന്നതിന് നിലവിലുള്ള ക്ഷീരോല്പാദക സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുക.

10.9. വീട്ടിലെ പാഴാക്കുന്ന ഭക്ഷണവും കാർഷികാവശിഷ്ടങ്ങളും പുനഃചംക്രമണം ചെയ്ത് കാലിത്തീറ്റയായോ മറ്റുല്പന്നങ്ങളായോ പ്രയോജനപ്പെടുത്തുക.

10.10. മുയൽ വളർത്തൽ, ടർക്കി – ഗിനിഫോൾ കൃഷി മുതലായ പാരമ്പര്യേതര സംരംഭങ്ങളിലൂടെ ഗാർഹിക വരുമാനം പരമാവധി ഉയർത്താനുള്ള ശ്രമങ്ങൾ നടത്തുക.

10.11. ജനിതക വൈജാത്യം മെച്ചപ്പെടുത്തുന്നതിന് നിരന്തരമായ ഗവേഷണ – വ്യാപന പ്രവർത്തനങ്ങൾ നടത്തുക.

10.12. ദേശാടനപക്ഷികളെ നിരീക്ഷിക്കുക, അതുവഴി പക്ഷിരോഗം പടരുന്നത് ഫലപ്രദമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുക.

10.13. ജനകീയ ഇടപെടലുകളിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തുകളെ ചുമതലപ്പെടുത്തുക.

10.14. മൃഗങ്ങൾക്കും പക്ഷികൾക്കും രോഗങ്ങൾ പിടിപെടുന്നത് തടയാൻ തുടർച്ചയായ മോണിറ്ററിംഗും വാക്സിനേഷൻ അടക്കമുള്ള രോഗപ്രതിരോധ ഉപാധികളും ഏർപ്പെടുത്തുക.

10.15. ശാസ്ത്രീയമായ മൃഗപരിപാലനരീതികൾ, പാരിസ്ഥിതിക സംരക്ഷണം എന്നിവയിൽ കർഷകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

10.16. വീട്ടിലെയും അടുക്കളയിലെയും പാഴ് വസ്തുക്കൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി പരിസ്ഥിതി ദൂഷണം ഒഴിവാക്കാൻ വീട്ടുവളപ്പിലെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

10.17. അറവുശാലകളിലെ മാലിന്യ പരിപാലനവും ശുചിത്വ സംവിധാനവും കാര്യക്ഷമമാക്കുക.

10.18. സംസ്ഥാനത്തെ ഡയറി പ്ലാന്റുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിർബന്ധമാക്കി മാലിന്യപരിപാലനം കുറ്റമറ്റതാക്കുക, അവയുടെ കാര്യക്ഷമത തുടർച്ചയായി നിരീക്ഷിക്കുന്നുവെന്ന് ഉറപ്പാക്കുക.

10.19. പരിസ്ഥിതി മലിനീകരണം ഉറപ്പാക്കുന്നതിന് പാൽ – പാലുൽപ്പന്ന സംസ്ക്കരണം, വിപണനം എന്നിവയിലേർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ലൈസൻസിംഗ് സംവിധാനം ഏർപ്പെടുത്തുക.

**11. ജൈവവൈവിദ്ധ്യ സംരക്ഷണം**

**തന്ത്രം : സംസ്ഥാനത്തെ ജൈവവൈവിദ്ധ്യം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനപ്പെടത്തക്കവിധം സംരക്ഷിക്കുകയും സുസ്ഥിര ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുക.**

**കർമപരിപാടികൾ**

11.1. സമഗ്രവും ഊർജ്ജിതവുമായ സർവ്വേയിലൂടെ സൂക്ഷ്മ ജീവികൾ ഉൾപ്പെടെയുള്ള നമ്മുടെ ജൈവസമ്പത്തുകളുടെ സമ്പൂർണ്ണമായ ഡോക്യുമെന്റേഷൻ നടത്തുക.

11.2. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുക വഴി സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുമുള്ള ജൈവസമ്പത്തുകളുടെ സമ്പൂർണ്ണമായ ഡാറ്റാ ബേസ് ഇൻവെന്ററി തയ്യാറാക്കുക.

11.3. നാഷണൽ പാർക്കുകൾ, ജൈവമണ്ഡലങ്ങൾ, ഉദ്യാനങ്ങൾ, തണ്ണീർത്തടങ്ങൾ, ജീൻ സംരക്ഷണ കേന്ദ്രങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ എന്നിങ്ങനെ ജൈവസമ്പത്തിന്റെ സ്വാഭാവിക കലവറകൾ കൂട്ടിയിണക്കി വൈവിധ്യം സംരക്ഷിക്കുക.

11.4. സസ്യ–മൃഗ ജനിതക വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര ഉപയോഗവും ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ നിയമ നിർമാണങ്ങൾ നടത്തുക.

11.5. വീട്ടുവളപ്പിലെ സസ്യ–മൃഗ വൈവിധ്യം സംരക്ഷിച്ച് തദ്ദേശീയമായ സസ്യ മൃഗവൈജാത്യം നിലനിർത്തുക.

11.6. നാഷണൽ പാർക്കുകൾക്കും വനത്തിനും വന്യ മൃഗസങ്കേതങ്ങൾക്കുമിടയിൽ ഇടനാഴികൾ ഉണ്ടാക്കി മൃഗങ്ങളുടെ സ്വൈരവിഹാരം ഉറപ്പാക്കുക.

11.7. ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളും വൈദഗ്ദ്ധ്യങ്ങളും ഡോക്യുമെന്റ് ചെയ്ത് സംരക്ഷിക്കുക.

11.8. നാശഭീഷണി നേരിടുന്ന സസ്യങ്ങൾ, മൃഗങ്ങൾ എന്നിവയുടെ വംശ സംരക്ഷണത്തിനായി ടിഷ്യൂ കൾച്ചർ, ബയോ ടെക്നോളജി, ക്ലോണിംഗ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.

11.9. ഏകവിള കൃഷി നിരുത്സാഹപ്പെടുത്തുക.

11.10. വൈദേശിക ഇനം സസ്യ ജന്തു ജാലങ്ങൾ അനുപേക്ഷണീയമായി വരുന്ന സാഹചര്യത്തിൽ വേണ്ടത്ര പരീക്ഷണം നടത്തി മാത്രം അവയെ സ്വീകരിക്കുകയുള്ളു എന്ന് ഉറപ്പുവരുത്തുക.

11.11. നമ്മുടെ ഭൂമി, ജലം എന്നിവയുടെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന ആക്രമണകാരികളായ ഇനങ്ങളുടെ വ്യാപനം നിയന്ത്രിക്കുക.

11.12. തദ്ദേശ ഭരണ തലത്തിൽ സാമൂഹിക ജൈവ വൈവിധ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.

11.13. നമ്മുടെ ജൈവവൈവിദ്ധ്യ സമ്പത്ത് സംരക്ഷിക്കുന്നതിനുള്ള കാവൽനായയായി പ്രവർത്തിക്കുന്നതിന് യോജിച്ച തരത്തിൽ ജൈവവൈവിധ്യ ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

11.14. ജൈവവൈവിധ്യത്തെ വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുക.

11.15. അന്തർദേശീയ നിലവാരമുള്ള ഒരു ജൈവവൈവിദ്ധ്യ മ്യൂസിയം സ്ഥാപിക്കുക.

11.16. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രചാരം നടത്തുക.

11.17. സ്കൂൾ – കോളേജ് തലങ്ങളിൽ ജൈവ വൈവിധ്യ സംരക്ഷണം പാഠ്യവിഷയമായി ഉൾപ്പെടുത്തുക.

## 12. വ്യാവസായിക വികസനം

**തന്ത്രം : പരിസ്ഥിതിക്ക് പരമാവധി കോട്ടം തട്ടാത്ത തരത്തിൽ സമൂഹത്തിലെ ദരിദ്ര വിഭാഗ ങ്ങൾക്ക് സഹായകമായ വ്യാവസായിക പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പാക്കുക.**

**കർമപരിപാടികൾ**

12.1. പാഴ്‌വസ്തുക്കളുടെ പുന:ചംക്രമണം, പുനരൂപയോഗം, പ്രകൃതി വിഭവ സംരക്ഷണം എന്നിവയ്ക്ക് സഹായകമായ പാരിസ്ഥിതിക സൗഹൃദ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

12.2. വ്യവസായ ശാലകളിലും ഖനികളിലും മാലിന്യവും അവശിഷ്ടങ്ങളും സംസ്ക്കരിക്കുന്ന തിന് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർബന്ധമാക്കുക.

12.3. മലിനീകരണ നിയന്ത്രണപരിധി വിടുന്ന വ്യവസായ ശാലകളിൽ നിന്ന് കനത്ത നഷ്ടപരി ഹാരം ഈടാക്കുന്നതിനും എഫ്ളുവന്റ് ടാക്സ്, റിസോഴ്സ് ടാക്സ് തുടങ്ങിയവ ഏർപ്പെ ടുത്തി ''പൊല്യൂട്ടർപേ'' തത്വം ഉപയോഗിക്കാനും വിഭവ ഉപഭോഗത്തിന്റെയും ഉല്പാദന ശേഷിയുടേയും അടിസ്ഥാനത്തിൽ നിലവാരനിർണയം നടപ്പാക്കാനും നടപടി സ്വീകരി ക്കുക.

12.4. ഓരോ പ്രദേശത്തും / മേഖലയിലും നിർദ്ദിഷ്ട സ്ഥലങ്ങൾ ചില വ്യവസായങ്ങൾക്കായി മാറ്റി വയ്ക്കുക.

12.5. പാരിസ്ഥിതിക മാർഗരേഖകൾ കൃത്യമായി പാലിച്ചുതന്നെ വ്യവസായ ശാലകൾ സജ്ജീക രിക്കുകയും നടത്തുകയും ചെയ്യുന്നു എന്ന് ഉറപ്പാക്കുക.

12.6. സമാനസ്വഭാവമുള്ള വ്യവസായങ്ങൾക്ക് പ്രത്യേക സ്ഥലം/മേഖല ഏർപ്പെടുത്തുക. അതു വഴി പൊതുവായ മാലിന്യസംസ്ക്കരണ പ്ലാന്റുകൾ പ്രയോജനപ്പെടുത്തുക. ഒരു വ്യവസാ യത്തിലെ പാഴ് വസ്തുക്കൾ മറ്റൊരു വ്യവസായത്തിലെ അസംസ്കൃതവസ്തുവായി ഉപ യോഗിക്കുക.

12.7. ഓരോ വ്യവസായത്തിലും അതിന്റെ നിർമ്മാണ പ്രക്രിയ / സാങ്കേതിക വിദ്യ, മലിനീക രണ സാധ്യത എന്നിവ കണക്കിലെടുത്ത് മലിനീകരണ നിയന്ത്രണ ബോർഡ് അനുയോ ജ്യമായ മലിനീകരണ നിയന്ത്രണ നടപടികൾ കർശനമായി നടപ്പാക്കുക. വൻതോതിൽ മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.

12.8. വ്യാവസായിക ഉച്ചിഷ്ടവും ഖരമാലിന്യവും സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം എല്ലാ വ്യവസായ സംരംഭങ്ങളിലും കർശനമാക്കുക.

12.9. വ്യവസായ എസ്റ്റേറ്റുകളിൽ പൊതു മലിനീകരണ സംഭരണ / സംസ്ക്കരണ സംവിധാന ങ്ങൾ ഏർപ്പെടുത്തുക.

12.10. വ്യവസായങ്ങളിലെ മാലിന്യ നിർഗമന സംവിധാനം, അതിന്റെ ഗുണ നിലവാരം എന്നിവ കൃത്യമായി നിരീക്ഷിക്കുകയും അക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നുണ്ടാകുന്ന പരാ തികളിന്മേൽ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

12.11. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നവർക്കും മലിനീക രണം കുറയ്ക്കുന്നവർക്കും പ്രത്യേക പ്രോത്സാഹനം നല്കുക.

12.12. വ്യവസായ സ്ഥാപനങ്ങൾക്ക് ചുറ്റും 'ഗ്രീൻ ബെൽറ്റ്' സ്ഥാപിക്കുക.

12.13. വാഹനങ്ങളിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിന് സംവിധാനം ഏർപ്പെടു ത്തുക. പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വാഹനം നിർമ്മിക്കുന്ന തിന് പ്രോത്സാഹനം നൽകുക. വാഹനങ്ങളുടെ പുക നിയന്ത്രണത്തിൽ ഇപ്പോൾ ഏർപ്പെ ടുത്തിയിട്ടുള്ള നിയമങ്ങൾ ആദ്യം നഗരങ്ങളിലും ക്രമേണ സംസ്ഥാനത്തെല്ലായിടത്തും പരിഷ്ക്കരിക്കുക.

12.14. അപാകരമായ വ്യവസായ ശാലകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ "ഓൺ-സൈറ്റ് എമർജൻസി" സംവിധാനവും അത്തരം വ്യവസായ ശാലകൾ സ്ഥിതിചെയ്യുന്ന ജില്ലക ളിൽ ഓഫ്-സൈറ്റ് എമർജൻസി സംവിധാനവും ഏർപ്പെടുത്തുക.

12.15. പാരിസ്ഥിതിക മാനേജ്മെന്റ് പ്ലാനുകൾ ഫലപ്രദമായി നടപ്പാക്കുന്നതിനും നിയമവ്യവസ്ഥ കൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും വ്യവസായ ശാലകളിൽ 'പരിസ്ഥിതി സെൽ' ഏർപ്പെടുത്തുക.

12.16. വ്യവസായത്തിന്റെ മൊത്തം ബജറ്റിൽ പരിസ്ഥിതി സുരക്ഷാ സംവിധാനത്തിന് ആവശ്യ മായ ചെലവുകൾ കൂടി ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുക.

12.17. വ്യവസായത്തിലെ ദോഷകരമായ വസ്തുക്കളെക്കുറിച്ച് പൊതുജനങ്ങൾക്കും പ്രവർത്ത കർക്കും മുന്നറിയിപ്പു നൽകുക. പൊതുജനങ്ങളുടെയും തൊഴിലാളികളുടെയും സുര ക്ഷയ്ക്ക് നടപടി സ്വീകരിക്കുക.

12.18. വ്യവസായിക മാലിന്യങ്ങളില്ലാത്ത സാങ്കേതിക വിദ്യകൾക്ക് പ്രത്സാഹനം നൽകുക.

12.19. ഇൻഫർമേഷൻ ടെക്നോളജി അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള ഇലക്ട്രോണിക് പാഴ് വസ്തുക്കൾ സംസ്ക്കരിക്കുന്ന തിന് കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുക.

**13. ഖനനവും പാറപൊട്ടിക്കലും**

**തന്ത്രം : ഖനനവും പാറപൊട്ടിക്കലും അത്യാവശ്യ കര്യങ്ങൾക്കുമാത്രമായി നിയന്ത്രിച്ച് പാരിസ്ഥിതികാഘാതങ്ങൾ പരമാവധി കുറയ്ക്കുക; അതും വ്യക്തമായി നിർവചിക്കപ്പെട്ട നടപ ടിക്രമങ്ങൾ പാലിച്ചുമാത്രം.**

**കർമപരിപാടികൾ**

13.1. ഖനനത്തിനും പാറപൊട്ടിക്കലിനും അനുമതി നൽകുന്നതിനു മുമ്പ് അംഗീകൃത സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള പാരിസ്ഥിതികാഘാതപഠനം (EIA) നിർബന്ധമാക്കുക.

13.2. മലിനീകരണ നിയന്ത്രണ സംവിധാനപ്രകാരം നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കി പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന പ്രവൃത്തികൾ പരമാവധി തടയുക.

13.3. ഖനനം കഴിഞ്ഞ് ഉപേക്ഷിക്കപ്പെട്ട ഭൂമി അതിനുത്തരവാദികളായവരെക്കൊണ്ടു തന്നെ പുനരുജ്ജീവിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ടാക്കുക.

13.4. ഖനനം നടന്ന സ്ഥലം മണ്ണിട്ട് മൂടി മരങ്ങൾ നടുന്നുവെന്ന് ഉറപ്പാക്കുക.

13.5. ഖനനം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ പ്രസ്തുത സ്ഥലത്ത് അതിന്റെ പാരിസ്ഥിതിക പുനരുജ്ജീവനം ഉറപ്പുവരുത്തുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് പോലുള്ള അംഗീകൃത സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പരിസ്ഥിതി പരിപാലന നടപടികൾ നടപ്പാക്കുക.

13.6. ഉയർന്നതരം അയിരുകൾ മാത്രം തിരിഞ്ഞ് ഖനനം ചെയ്യുന്നതുമൂലം താഴ്ന്ന ഇനം അയിരുകൾ അടിഞ്ഞു കൂടുക വഴി ഉണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ തടയുന്നതിന് അത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്തുക.

13.7. കുറഞ്ഞയിനം ധാതുക്കളുടെ നിലവാരം ഉയർത്തിയും താഴ്ന്നയിനം ധാതുക്കളുടെ പരമാവധി ഉപഭോഗം ഉറപ്പുവരുത്തിയും ഗതാഗത, സംസ്ക്കരണ ചെലവുകൾ കുറയ്ക്കുക.

13.8. കുന്നുകളിലെ ഖനനവും പാറപൊട്ടിക്കലും തടയുക.

13.9. ആറുകളിലേയും ചിറ്റാറുകളിലേയും മണൽ ഖനനം, നെൽപ്പാടങ്ങളിലെ കളിമൺ ഖനനം എന്നിവ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കർശനമായി നിയന്ത്രിക്കുക.

13.10. പുഴയിലെ മണൽ ഉൾപ്പെടെയുള്ള അമൂല്യ പ്രകൃതി വിഭവങ്ങളിന്മേൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുടെ സമ്മർദ്ദം കുറയ്ക്കുന്നതിന് ബദൽ നിർമാണ സാമഗ്രികളും പരിസ്ഥിതി സൗഹൃദ നിർമാണ രീതികളും പ്രോത്സാഹിപ്പിക്കുക.

13.11. ആറ്റുമണൽ ഖനനത്തിന്റെ ദോഷങ്ങളെക്കുറിച്ച് പ്രചാരം നൽകുക.

13.12. ഖനനത്തിൽ നിന്നുണ്ടാകുന്ന ഉപഉല്പന്നങ്ങളും പാഴ് വസ്തുക്കളും പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ സുരക്ഷിതമായി നിർമാർജനം ചെയ്യുക.

**14. ഊർജം**

**തന്ത്രം : പാരമ്പര്യേതര ഊർജസംവിധാനങ്ങൾ പ്രചരിപ്പിക്കുക, ഊർജം പാഴാക്കാതെ കാര്യക്ഷമവും മിതവുമായ ഊർജ ഉപഭോഗം പ്രോത്സാഹിപ്പിക്കുക. പരിസ്ഥിതി സൗഹൃദ ഊർജോല്പാദന രീതികൾ പ്രചരിപ്പിക്കുക.**

**കർമപരിപാടികൾ**

14.1. വൈദ്യുത ഉല്പാദന പ്രോജക്ടുകൾക്ക് സ്ഥലം തിരഞ്ഞെടുക്കുന്നതിനും നിക്ഷേപം നടത്തുന്നതിനും പരിസ്ഥിതി ആഘാത വിലയിരുത്തൽ ഒരു മുന്നുപാധിയായി നിശ്ചയിക്കുക.

14.2. ഊർജോല്പാദനത്തിന് ക്ലീൻ ടെക്നോളജിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക – പാഴ്‌വസ്തുക്കളിൽ നിന്ന് വൈദ്യുതി ഉല്പാദിക്കുന്നതടക്കം.

14.3. വീട്ടാവശ്യങ്ങൾ, കൃഷി, വ്യവസായം, ഗതാഗതം എന്നിവയടക്കം എല്ലാ മേഖലകളിലും ഊർജസംരക്ഷണം ഉറപ്പാക്കുക.

14.4. ഊർജ സംരക്ഷണത്തെക്കുറിച്ച് വിദ്യാഭ്യാസ–ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

14.5. ഊർജ സംരക്ഷണത്തിന് പ്രോത്സാഹനവും ഊർജ ദുർവിനിയോഗത്തിന് ശിക്ഷാനടപടികളും ഏർപ്പെടുത്തുക.

14.6. പാരമ്പര്യേതര ഊർജം, പുതുക്കാവുന്ന ഊർജസ്രോതസ്സുകൾ, അവയുടെ പ്രസക്തി, ഉപയോഗങ്ങൾ എന്നിവ പ്രചരിപ്പിക്കുക.

14.7. പുതുക്കാനാവാത്ത ഊർജസ്രോതസ്സുകളെക്കുറിച്ചുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക.

14.8. പാഴ്ഭൂമികളിൽ ബയോഫ്യൂവൽ പ്ലാന്റുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

14.9. ഊർജക്ഷമതയുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുക.

14.10. ഊർജഉല്പാദന പ്രോജക്ടുകളിൽ വ്യക്തമായ മാനദണ്ഡങ്ങളോടെ സ്ഥിരമായ മോണിററിംഗ് സംവിധാനം ഏർപ്പെടുത്തി പാരിസ്ഥിതിക അപചയം തടയുന്നതിന് നടപടി സ്വീകരിക്കുക.

14.11. ചെറുകിട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾക്ക് പ്രോത്സാഹനം (മൈക്രോ, മിനി, ചെറുകിട പദ്ധതികൾ) നൽകുക.

14.12. ബയോമാസ് അടിസ്ഥാനമാക്കിയുള്ള ഊർജ്ജോല്പാദനത്തിന് ആവശ്യമായ ബയോമാസിന്റെ ലഭ്യത വർധിപ്പിക്കുക.

14.13. മാരകമായ പാഴ്വസ്തുക്കളുടെ വില്പനയും അശാസ്ത്രീയ സംസ്ക്കരണവും നിയന്ത്രിക്കുക.

14.14. ഊർജഉല്പാദനത്തിന് എല്ലാ ബയോമാസ് വിഭവങ്ങളുടെയും ഉല്പാദനവും ഉപയോഗക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക.

**15. പാർപ്പിടങ്ങൾ**

**തന്ത്രം : സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും പാർക്കാൻ സൗകര്യപ്രദവും ആരോഗ്യകരവും വൃത്തിയുള്ളതുമായ പാർപ്പിടങ്ങൾ ലഭ്യമാക്കുക. ചെലവുകുറച്ചും പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും ഊർജ്ജം ലാഭിച്ചും കാര്യക്ഷമത കൂട്ടിയും നല്ല വീടുകൾ നിർമ്മിക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുക.**

**കർമപരിപാടികൾ**

15.1. വീട് നിർമ്മാണത്തിൽ പരിസ്ഥിതി സൗഹൃദ സാങ്കേതിക വിദ്യയും നിർമ്മാണ സാമഗ്രികളും പ്രയോജനപ്പെടുത്തുക.

15.2. തദ്ദേശീയവും, ഊർജ്ജക്ഷമതയേറിയതും, ചെലവുകുറഞ്ഞതുമായ നിർമ്മാണസാമഗ്രികൾ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും നിലവിലുള്ള കെട്ടിടങ്ങളെ ആ തരത്തിൽ പുതുക്കുകയും ചെയ്യുക.

15.3. ഉപനഗരങ്ങളും ടൗൺ ഷിപ്പുകളും സൃഷ്ടിച്ച് തൊഴിലവസരങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി നഗരവൽക്കരണത്തെ വികേന്ദ്രീകരിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക.

15.4. സാംസ്ക്കാരിക പൈതൃകവും നിർമ്മാണ മാഹാത്മ്യവും കൊണ്ട് സവിശേഷതയാർന്ന കെട്ടിടങ്ങൾ, സ്മാരകങ്ങൾ, സ്ഥലങ്ങൾ എന്നിവയെ സംരക്ഷിക്കുകയും അവിടങ്ങളിൽ വിനോദസഞ്ചാരം ഉൾപ്പെടെയുള്ള ഇടപെടലുകൾ കർശനമായി നിയന്ത്രിക്കുകയും ചെയ്യുക.

15.5. പാരിസ്ഥിതികമായി പ്രാധാന്യമുള്ള കുന്നിൻപുറങ്ങളിലും തീരപ്രദേശത്തും അമിതമായ ആൾവാസവും മാലിന്യജനകമായ വ്യവസായങ്ങളും നിരുത്സാഹപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക.

15.6. നഗരങ്ങൾ, പട്ടണങ്ങൾ, വ്യാപാരകേന്ദ്രങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, ഗ്രാമീണ വാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം ഗുണനിലവാരമുള്ള കുടിവെള്ളവും ശുചിത്വസംവിധാനങ്ങളും ഉറപ്പാക്കുക.

15.7. സ്വീവേജ്, ഗാർബേജ്, ഗാർഹിക മാലിന്യങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിന് ചെലവു കുറഞ്ഞ ശാസ്ത്രസാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുക.

15.8. നിരത്തുവക്കുകൾ, ചന്തകൾ, വ്യാപാര കേന്ദ്രങ്ങൾ, സ്കൂൾ പരിസരം, ആശുപത്രികൾ, ഓഫീസുകൾ, ആരാധനാലയങ്ങൾ മറ്റ് പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ തണൽ മരങ്ങളും ഫലവൃക്ഷങ്ങളും വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

15.9. ഗ്രാമങ്ങളിലും നഗരങ്ങളിലും പൊതു സ്ഥലങ്ങളിൽ പൂന്തോട്ടങ്ങളും പാർക്കുകളും സജ്ജീകരിക്കുക

15.10. വീട്ടുപറമ്പിലും സ്വകാര്യ കൃഷിയിടങ്ങളിലും ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് പ്രേരിപ്പിക്കുക.

15.11. പുരയിട കൃഷി പ്രോത്സാഹിപ്പിക്കുക.

15.12. വെള്ളം കിനിഞ്ഞിറങ്ങാത്ത രീതിയിൽ വീട്ടുമുറ്റങ്ങൾ പാകി മിനുക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുക.

15.13. പരിസ്ഥിതിനാശം വഴിയുണ്ടാകുന്ന പകർച്ച വ്യാധികളും ഇതര രോഗങ്ങളും തടയുന്നതിന് വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ശുദ്ധജലത്തിന്റെ ഉപഭോഗം എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുക.

15.14. വ്യക്തികളിലും സമൂഹത്തിലും ശുചിത്വബോധം വളർത്തി പകർച്ചവ്യാധികളെ തടയുക.

15.15. മനുഷ്യവാസ കേന്ദ്രങ്ങളിലും സമീപപ്രദേശങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ അതി വേഗം നിർമാർജനം ചെയ്ത് പരമാവധി ശുചിത്വം ഉറപ്പുവരുത്താൻ ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും പ്രാദേശിക ഭരണകൂടങ്ങൾ നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കുക.

15.16. പ്രാദേശിക വിഭവങ്ങളുപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെയും ഖാദി, കൈത്തറി തുടങ്ങിയ ഗ്രാമീണ ഉല്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുക.

15.17. പുതിയ ടൗൺഷിപ്പുകൾ, വ്യവസായ കേന്ദ്രങ്ങൾ / സമുച്ചയങ്ങൾ, കോളനികൾ, ഹൈവേ പ്രോജക്ടുകൾ, വാണിജ്യകേന്ദ്രങ്ങൾ, ഹോട്ടൽ സമുച്ചയങ്ങൾ, ആശുപത്രികൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുമ്പ് പരിസ്ഥിതി ആഘാതപഠനം, എൻവയോൺമെന്റൽ മാനേജ്മെന്റ് പ്ലാൻ എന്നിവ തയ്യാറാക്കുക.

## 16. വിനോദസഞ്ചാരം

**തന്ത്രം : പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും പ്രാദേശിക സമൂഹങ്ങൾക്ക് ഗുണപ്രദമാകുന്ന തരത്തിലും വിനോദസഞ്ചാരമേഖലയുടെ സുസ്ഥിരമായ വളർച്ച ഉറപ്പുവരുത്തുക.**

### കർമപരിപാടികൾ

16.1. ഓരോ പ്രദേശത്തിന്റെയും വാഹകശേഷിയും ഗതാഗതം, വെള്ളം, ഇന്ധനം, ശുചിത്വം തുടങ്ങിയവയുടെ ലഭ്യതയും കണക്കിലെടുത്ത് നടത്തുന്ന സൂക്ഷ്മമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

16.2. പുൽമേടുകൾ, തണ്ണീർത്തടങ്ങൾ തുടങ്ങിയ പരിസ്ഥിതി പ്രാധാന്യമുള്ള സംരക്ഷിത പ്രദേശങ്ങളിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിയന്ത്രിക്കുക.

16.3. തദ്ദേശീയരുടെ സാംസ്ക്കാരിക പാരമ്പര്യത്തിനോ ജീവിത ശൈലിക്കോ കോട്ടം തട്ടാത്ത രീതിയിൽ പരിസ്ഥിതി സൗഹൃദപരമായ ടൂറിസം സുസ്ഥിരമായ രീതിയിൽ വികസിപ്പിച്ചെടുക്കുക.

16.4. എല്ലാ ടൂറിസം കേന്ദ്രങ്ങളിലും പരിസ്ഥിതിയോട് ഉത്തരവാദിത്തം പുലർത്തുന്ന ''റെസ്പോൺസിബിൾ ടൂറിസം'' പ്രോത്സാഹിപ്പിക്കുക.

16.5. എക്കോ ടൂറിസം പ്രാദേശിക സമൂഹങ്ങളുടെ ഉപജീവന മാർഗം മെച്ചപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കുക.

**17. ഗതാഗതം**

**തന്ത്രം : പരിസ്ഥിതിക്കിണങ്ങുന്ന, കാര്യക്ഷമമായ ഗതാഗത സംവിധാനം വികസിപ്പിച്ചെടുക്കുക.**

**കർമ പരിപാടികൾ**

17.1. ഇന്ധനച്ചെലവ്, ട്രാഫിക് ഞെരുക്കം, പരിസ്ഥിതി മലിനീകരണം എന്നിവ കുറച്ച് ഗതാഗതം കാര്യക്ഷമമാക്കുന്നതിന് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗതാഗത സംവിധാനം നവീകരിക്കുക.

17.2. ഇന്ധനം ലാഭിക്കാവുന്ന ചെലവു കുറഞ്ഞ ഉൾനാടൻ ജലഗതാഗതം വ്യാവസായികാടിസ്ഥാനത്തിൽ വളർത്തിയെടുക്കുക.

17.3. കായൽ, കനാൽ, നദികൾ എന്നിവയിലൂടെയുള്ള ജലഗതാഗതം പ്രോത്സാഹിപ്പിക്കുക.

17.4. എൽ.പി.ജി. ഉപയോഗിച്ചുള്ള വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

17.5. സാധനങ്ങളുടെ ട്രാൻസ്പോർട്ടേഷന് റോഡിനുപകരം ജല, റെയിൽ, പൈപ്പ് ലൈൻ ഗതാഗതം പ്രോത്സാഹിപ്പിക്കുക.

17.6. വാഹനങ്ങളിലെ പുകനിർഗമനം നിയന്ത്രിക്കുന്നതിന് ഉല്പാദക-ഉപഭോക്തൃ തലങ്ങളിൽ പുകനിയന്ത്രണ നടപടികൾ കർശനമായി നടപ്പാക്കുക. ലംഘിക്കുന്നവർക്കെതിരെ കർക്കശമായ ശിക്ഷാനടപടികൾ സ്വീകരിക്കുക.

17.7. പുതുക്കാവുന്ന ഊർജവും മാലിന്യമില്ലാത്ത CNG പോലുള്ള ഇന്ധനവുമുപയോഗിച്ചുള്ള ഗതാഗതസംവിധാനം ഘട്ടംഘട്ടമായി നടപ്പാക്കുക.

17.8. സൈക്കിൾ യാത്രക്ക് ജനങ്ങളെ പ്രേരിപ്പിക്കുക. ജനസൗഹൃദപരമായ നടപ്പാതകളും സൈക്കിൾ ട്രാക്കുകളും ഏർപ്പെടുത്തുക.

17.9. യാത്രക്കാരുടെ സുരക്ഷ കൂടി കണക്കിലെടുത്ത് ട്രാഫിക്ക് നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിച്ച് കർശനമായി നടപ്പാക്കുക.

17.10. നിർമ്മാണ-ഉപയോഗ ഘട്ടങ്ങളിൽ പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത രീതിയിൽ റോഡ് നിർമ്മാണം പുന:സംവിധാനം ചെയ്യുക.

17.11. അപായകരമായ വസ്തുക്കളുടെ ട്രാൻസ്പോർട്ടേഷന് പാരിസ്ഥിതിക സുരക്ഷ കൂടി കണക്കിലെടുത്ത് കർശനമായ നിയന്ത്രണ ചട്ടങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തുക.

17.12. റോഡിനുകുറുകെ അയഞ്ഞ കമ്പികൾ, കമാനങ്ങൾ, പരസ്യബോർഡുകൾ എന്നിവ സ്ഥാപിക്കുന്നത് നിയന്ത്രിക്കാൻ നിയമങ്ങൾ കർശനമായി നടപ്പാക്കുക.

17.13. പരിസ്ഥിതി ദുർബല പ്രദേശങ്ങളിലൂടെയുള്ള റോഡ് നിർമ്മാണം നിയന്ത്രിക്കുക.

**18. വായു, ശബ്ദ മലിനീകരണം**

**തന്ത്രം : വായു ശബ്ദ മലിനീകരണം നിയന്ത്രിച്ച് ശുദ്ധവായു ഉറപ്പാക്കുക**

**കർമപരിപാടികൾ**

18.1. വായു മലിനീകരണവും ശബ്ദ മലിനീകരണവും ഒഴിവാക്കുന്നതിന് സാഹായകമായ ഇന്ധനങ്ങളും സാങ്കേതിക വിദ്യകളും ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളും ഉപയോഗിക്കുന്നത് പ്രോൽസാഹിപ്പിക്കുക.

18.2. വായുവിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്രോതസ്സുകളെ അടിസ്ഥാനമാക്കിയും മേഖലകൾ തിരിച്ചും 'ഗുണനിലവാര മാനദണ്ഡം' നിശ്ചയിച്ച് സമയബന്ധിതമായി നടപ്പാക്കുക.

18.3. നിർമ്മാണ ഘട്ടത്തിലും പ്രവർത്തനവേളയിലും ജനങ്ങൾക്കും പ്രകൃതിക്കും ദോഷകരമായ ശബ്ദ ശല്യം ഒഴിവാക്കുന്നതിന് വികസന പ്രോജക്ടുകൾ അനുയോജ്യ മേഖലകളിൽ സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

18.4. വ്യാവസായിക-ഗതാഗത മേഖലകളിൽ പുക നിർഗമനം നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുക.

18.5. പരിസ്ഥിതിക്കിണങ്ങിയ ബദൽ സാങ്കേതിക വിദ്യകൾ, ഊർജ്ജ സംരക്ഷണ രീതികൾ എന്നിവ പ്രോൽസാഹിപ്പിക്കുക.

18.6. മലിനീകരണം തടയുന്നതിന് അനുയോജ്യമായ സസ്യയിനങ്ങൾ ഉപയോഗിച്ച് ഗ്രീൻ ബെൽറ്റ് സ്ഥാപിക്കുക.

18.7. കാർബൺ ഡൈ ഓക്സൈഡ്, ഗ്രീൻ ഹൗസ് വാതകങ്ങൾ എന്നിവയുടെ അളവ് കുറയ്ക്കുന്നതിന് അനുയോജ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുക.

18.8. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അന്തരീക്ഷ മലിനീകരണത്തിന്റെ അളവ് പ്രദർശിപ്പിക്കുന്ന ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുക.

18.9. ഓസോൺപാളികൾക്ക് ക്ഷതമുണ്ടാക്കുന്ന വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക/ഇല്ലാതാക്കുക.

18.10. ബയോ മെഡിക്കൽ മാലിന്യം ഒഴിച്ചുള്ള ഖര മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇൻസിനെറേറ്ററുകൾ ഉപയോഗിക്കുന്നതിൽ കർശന നിയന്ത്രണം ഏർപ്പെടുത്തുക.

18.11. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള പ്ലാസ്റ്റിക്കിന്റെ പുന:ചംക്രമണം പ്രോൽസാഹിപ്പിച്ച് പരിസ്ഥിതി ദൂഷണം പരമാവധി കുറയ്ക്കുക.

18.12. ഇലക്ട്രോണിക് പാഴ് വസ്തുക്കളുടെ സുരക്ഷിത നിർമാർജനം ഉറപ്പുവരുത്തുക.

**19. പരിസ്ഥിതി വിദ്യാഭ്യാസം, പരിശീലനം, ബോധവൽകരണം**

**തന്ത്രം : വിദ്യാർത്ഥികൾ, നിയമജ്ഞർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊലീസ്, പ്രതിരോധ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങി എല്ലാ വിഭാഗങ്ങളിലും പരിസ്ഥിതി അവബോധം വളർത്തുക.**

**കർമ്മ പരിപാടികൾ**

19.1. സംസ്ഥാനത്ത് സ്കൂൾ, സർവ്വകലാശാലാ തലങ്ങളിൽ പരിസ്ഥിതി ശാസ്ത്രം ഒരു പാഠ്യ വിഷയമായി ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള പാഠ്യ പദ്ധതി ഘട്ടം ഘട്ടമായി പരിഷ്കരിക്കുക.

19.2. പരിസ്ഥിതി ശാസ്ത്രത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിപ്പിക്കുന്നതിന് അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക.

19.3. ഗ്രാമതല സന്നദ്ധ സംഘടനകൾ, സാക്ഷരതാ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങിയവയെ പാരിസ്ഥിതിക ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തുകയും അവയെ പരിസ്ഥിതി സംരക്ഷണ ഉദ്യമങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.

19.4. പരിസ്ഥിതി പ്രവർത്തനം, ശാസ്ത്രപ്രചാരണം, സാമൂഹികക്ഷേമം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളെ പരിസ്ഥിതി ബോധവൽക്കരണ കാമ്പയിനുകൾ നടത്താൻ പ്രോത്സാഹിപ്പിക്കുക.

19.5. അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ നിർണായക പങ്കുവഹിക്കുന്നവർ എന്ന നിലയിൽ സ്ത്രീകൾക്ക് പാരിസ്ഥിതികവിഷയങ്ങളിൽ അവബോധം പകരുന്നതിന് സ്ത്രീ സംഘടനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുഖേന പ്രത്യേക ബോധവൽക്കരണ കാമ്പയിനുകൾ സംഘടിപ്പിക്കുക.

19.6. വരുമാനവർധനവ്, സ്വാശ്രയത്വം, ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിര ഉപയോഗം എന്നിവയ്ക്ക് ഉപകരിക്കുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ സ്ത്രീകൾക്ക് പ്രോൽത്സാഹനം ഏർപ്പെടുത്തുക.

19.7. പരിസ്ഥിതി സുരക്ഷ, സംരക്ഷണമാർഗങ്ങൾ, മലിനീകരണനിയന്ത്രണം തുടങ്ങിയവയെക്കുറിച്ച് ആവശ്യമായ വിദ്യാഭ്യാസ-ബോധവൽക്കരണ പ്രസിദ്ധീകരണങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് പരിസ്ഥിതിമേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, എഴുത്തുകാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുക.

19.8. പാരിസ്ഥിതിക നിർണയം, പാരിസ്ഥിതികാഘാതം, പാരിസ്ഥിതികമാനേജ്മെന്റ്, ആസൂത്രണം, പരിഹാരമാർഗങ്ങൾ എന്നിവയെക്കുറിച്ച് പ്രൊഫഷണലുകൾ, ഉദ്യോഗസ്ഥർ, പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും പ്രകൃതിവിഭവ പരിപാലനത്തിലും ഏർപ്പെട്ടിരിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപന ഭാരവാഹികൾ തുടങ്ങിയവർക്ക് തുടർച്ചയായി നിർബന്ധിത ഇൻസർവീസ് കോഴ്സുകൾ നടത്തുക.

19.9. ഓരോ പഞ്ചായത്തിലും പരിസ്ഥിതിസാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുക.

19.10. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, നിയമജ്ഞർ എന്നിവർക്കായി ബോധവൽക്കരണ-കാര്യശേഷി വികസനപരിപാടികൾ രൂപകല്പനചെയ്ത് നടപ്പാക്കുക.

**20. ഗവേഷണം, വികസനം, സാങ്കേതികവിദ്യകളുടെ പ്രചാരണം**

**തന്ത്രം: പ്രാദേശിക സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക അവസ്ഥയ്ക്ക് യോജിച്ചതും പരിസ്ഥിതിക്ക് ദോഷം ചെയ്യാത്തതുമായ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനുതകുന്ന ഗവേഷണ- വികസന ഉദ്യമങ്ങളെ പ്രോത്സാഹിപ്പിക്കുക.**

**കർമപരിപാടികൾ**

20.1. സംശുദ്ധ സാങ്കേതികവിദ്യകൾ (Cleaner Technologies) പ്രചരിപ്പിക്കുന്നതിന് പ്രത്യേകപരിപാടികൾ ആവിഷ്കരിക്കുക.

20.2. നിലവിലുള്ള സാങ്കേതിക വിദ്യകളും റിമോട്ട് സെൻസിംഗ്, ബയോടെക്നോളജി തുടങ്ങിയ അത്യാധുനിക ഹൈ-ടെക് രീതികളും ഉപയോഗപ്പെടുത്തിയുള്ള പുതിയ പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.

20.3. പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതിനും പാരിസ്ഥിതികവിശകലനം, നാച്വറൽ റിസോഴ്സ് അക്കൗണ്ടിംഗ്, മലിനീകരണ ദൂഷ്യങ്ങൾ കണ്ടെത്തൽ തുടങ്ങിയവയ്ക്കും ആവശ്യമായ ഒരു കേന്ദ്രീകൃത പാരിസ്ഥിതിക വിവരശേഖര സംവിധാനം (Centralised Environmental Data Bank) സ്റ്റേറ്റ് എൻവയേൺമെന്റ് ഏജൻസിയുടെ കീഴിൽ പാരിസ്ഥിതിക ഗവേഷണ-വികസന സ്ഥാപനങ്ങളുടെ സഹായത്തോടെ ഏർപ്പെടുത്തുക.

20.4. നീർത്തട വികസന മാസ്റ്റർ പ്ലാൻ ഉൾപ്പെടെ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശാസ്ത്ര-സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുക.

**21. പദ്ധതികൾ മൂലം മാറ്റിതാമസിപ്പിക്കേണ്ടി വരുന്ന ജനങ്ങളുടെ പുനരധിവാസം.**

**തന്ത്രം: വികസനപദ്ധതികളുടെ ആവശ്യത്തിന് മാറ്റിപ്പാർപ്പിക്കേണ്ടിവരുന്ന ജനങ്ങളുടെ പുനരധിവാസത്തിന് ശരിയായ ആസൂത്രണവും ആവശ്യമായ തുകയും വകയിരുത്തി, പദ്ധതി**

**പ്രവർത്തനം ആരംഭിക്കുംമുമ്പുതന്നെ അവരെ മാന്യമായി പുനരധിവസിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുക.**

**കർമപരിപാടികൾ**

21.1. തദ്ദേശീയരെ പദ്ധതി പ്രദേശത്തുനിന്ന് ഒഴിപ്പിക്കുന്നത് ഒഴിവാക്കാൻ പരമാവധി ശ്രമിക്കുക.

21.2. ഒഴിപ്പിക്കൽ അനിവാര്യമായി വരുന്നപക്ഷം പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പുതന്നെ ആവശ്യമായ സൗകര്യങ്ങൾ സജ്ജീകരിച്ച് പുനരധിവസിപ്പിക്കുന്നതിന് സമഗ്രമായ നടപടികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കുക.

21.3. ഭൂമിയുടെ വിലയ്ക്ക് പുറമേ വീടും മെച്ചപ്പെട്ട ഉപജീവനമാർഗവും പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി ലഭ്യമാക്കുക.

**22. പാരിസ്ഥിതിക ഓഡിറ്റിംഗ്**

**തന്ത്രം: ഓരോ വ്യവസായത്തിലും മലിനീകരണം, വിഭവ ഉപഭോഗം എന്നിവ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും കർശനമായി നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുക.**

**കർമപരിപാടികൾ**

22.1. ഓരോ കമ്പനിയും സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ വാർഷിക എൻവയോൺമെന്റ് ഓഡിറ്റ് (AEAR) റിപ്പോർട്ട് സമർപ്പിക്കണമെന്നത് നിർബന്ധമാക്കുക.

22.2. ഉപയോഗിച്ച വസ്തുക്കളുടെ ഇനവും അളവും, പുറത്തേയ്ക്ക് വിട്ട അവശിഷ്ടങ്ങളുടെ നിർഗമനത്തിന്റെ ഇനവും അളവും, മലിനീകരണ തോതിന്റെ നിരീക്ഷണ റിപ്പോർട്ട്, മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ സർട്ടിഫിക്കറ്റുകൾ, മാലിന്യ നിർമാർജനത്തിന്റെ വിശദാംശങ്ങൾ, മലിനീകരണ നിയന്ത്രണബോർഡ് കാലാകാലം നൽകിയ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിഷ്ക്കാരങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് മറ്റെന്തെങ്കിലും കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ തുടങ്ങിയവ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുക.

22.3. എല്ലാ വ്യവസായ സ്ഥാപനങ്ങളുടെയും AEAR ഓരോ വർഷവും സെപ്റ്റംബർ 30 നു മുമ്പ് മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു എന്ന് ഉറപ്പാക്കുക.

**23. പാരിസ്ഥിതിക സ്ഥിതി വിവര റിപ്പോർട്ട്**

**തന്ത്രം : ഫലപ്രദമായ ആസൂത്രണം, സംസ്ഥാനത്തെ ഭൂമി, ജലം, വനം, തണ്ണീർത്തടങ്ങൾ, ധാതുക്കൾ തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ വിവരങ്ങൾ ആനുകാലികമായി ഡോക്യുമെന്റ് ചെയ്യുക.**

**കർമപരിപാടികൾ**

23.1. സംസ്ഥാനത്തെ ഭൂമി, ജലം, വനങ്ങൾ, തണ്ണീർത്തടങ്ങൾ, ധാതുക്കൾ തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ ലഭ്യത ആനുകാലികമായി നിർണയിക്കാനും ഓരോ കേന്ദ്രവും അതിന്റെ വിഷയമേഖലയിലുള്ള വിഭവങ്ങളുടെ സംരക്ഷണഉത്തരവാദിത്തം ഏറ്റെടുക്കാനും സംസ്ഥാനത്തെ വിവിധ ഗവേഷണ-വികസന ഏജൻസികളെ ചുമതലപ്പെടുത്തുക.

23.2. പ്രകൃതിവിഭവങ്ങളുടെ ലഭ്യതയും ഉപഭോഗവും സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ സംയോജിപ്പിച്ച് അഞ്ചു കൊല്ലത്തിലൊരിക്കൽ റിപ്പോർട്ട് തയ്യാറാക്കുന്ന ചുമതല ഗവേഷണ – വികസന സ്ഥാപനങ്ങളിലൊന്നിനെ ഏൽപ്പിക്കുക.

23.3. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി വകുപ്പ് ഗവേഷണ – വികസന സ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ മേഖലയുടെയും പാരിസ്ഥിതിക വാഹകശേഷി (Carrying Capacity) വിലയിരുത്തുക.

23.4. പ്രകൃതി വിഭവങ്ങളായ ഭൂമി, ജലം, വനം, ധാതുക്കൾ തുടങ്ങിയവയുടെ ലഭ്യത കണക്കിലെടുത്ത് ഓരോ മേഖലയുടെയും വാഹകശേഷി അഞ്ചു വർഷത്തിലൊരിക്കൽ കണക്കാക്കി സംസ്ഥാന സർക്കാർ അടുത്ത അഞ്ചുവർഷത്തേയ്ക്കുള്ള പ്രകൃതി വിഭവ ബജറ്റ് തയ്യാറാക്കുകയും ഓരോ വർഷവും അത്തരം വിഭവങ്ങളുടെ വിനിയോഗം സംബന്ധിച്ച എസ്റ്റിമേറ്റ് രൂപപ്പെടുത്തുകയും ചെയ്യുക.

23.5. സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതി തയ്യാറാക്കുമ്പോൾ സുസ്ഥിര വികസനവും വിഭവ സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് വിവിധ വികസന പ്രവർത്തനങ്ങൾക്കായി പ്രകൃതി വിഭവങ്ങൾ പങ്കുവയ്ക്കുന്നതിന് ഇത് ഉപയോഗപ്പെടുത്താവുന്നതാണ്.

**24. നയം നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങളും ഘടകങ്ങളും**

പരിസ്ഥിതി നയത്തിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് വ്യക്തികൾ, കുടുംബങ്ങൾ, ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ, പ്രതിബദ്ധതയുള്ള സന്നദ്ധസംഘടനകൾ, സാമൂഹിക സംഘടനകൾ തുടങ്ങിയവയുടെ സമ്പൂർണ പങ്കാളിത്തം ഉറപ്പാക്കുക.

**24.1. വ്യക്തികൾ, കുടുംബങ്ങൾ**

**തന്ത്രം : പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനും സമ്പന്നമാക്കുന്നതിനുമുള്ള പ്രഥമ ഏജൻസി കേരളത്തിലെ സാധാരണ ജനങ്ങളും കുടുംബങ്ങളുമാണ്. ഓരോ വ്യക്തിയും കുടുംബവും താഴെപ്പറയുന്ന കാര്യങ്ങൾ തങ്ങളുടെ കടമയും ദൗത്യവുമായി ഏറ്റെടുക്കണം.**

**കർമപരിപാടികൾ**

24.1.1. നമ്മുടെ ആവാസ വ്യവസ്ഥയുടെ നിലനിൽപ്പും മനുഷ്യപുരോഗതിയും സംബന്ധിച്ച അവബോധം ഓരോ കുടുംബവും സ്വയം വളർത്തിയെടുക്കുക. അയൽക്കാരിൽ അവബോധം സൃഷ്ടിക്കാൻ ശ്രമിക്കുക.

24.1.2. അനാവശ്യമായ ഉപഭോഗം കുറച്ചും പാഴ്വസ്തുക്കൾ പുനഃചംക്രമണം ചെയ്ത് പ്രയോജനപ്പെടുത്തിയും അമൂല്യവും ദുർലഭവുമായ പ്രകൃതി വിഭവങ്ങൾക്കുപകരം ഉപയോഗിക്കാവുന്ന സുലഭമായ വസ്തുക്കൾ പ്രയോജനപ്പെടുത്തിയും ഊർജ്ജം ലാഭിച്ചും പച്ചില വളങ്ങൾ പരമാവധി ഉല്പാദിപ്പിച്ചും പ്രകൃതി വിഭവങ്ങൾക്കുമേലുള്ള കടുത്ത സമ്മർദ്ദം ലഘൂകരിക്കുക.

24.1.3. വെള്ളം ഒഴുകിപ്പോകുന്നതു തടഞ്ഞും വീഴുന്നിടത്തു തന്നെ സംഭരിച്ചും പുനഃചംക്രമണം ചെയ്തും ഉപയോഗത്തിനനുസരിച്ച് ഗുണനിലവാരം ഉയർത്തിയും വെള്ളത്തിന്റെ അളവും ഗുണവും വർദ്ധിപ്പിക്കുക.

24.1.4. അയൽക്കാരുമായി സഹകരിച്ച് ബയോ ഗ്യാസ് പ്ലാന്റുകൾ, മണ്ണിര കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, അടുക്കള തോട്ടങ്ങൾ തുടങ്ങിയവ സ്ഥാപിച്ചും കൃഷിയെ കന്നുകാലിവളർത്തലുമായി സംയോജിപ്പിച്ചും ചെലവ് പരമാവധി കുറച്ചും ലാഭം വർദ്ധിപ്പിച്ചും പരിസ്ഥിതിയെ സുരക്ഷിതവും സമ്പുഷ്ടമാവുക.

**24.2. ഗ്രാമപഞ്ചായത്തുകൾ :**

താഴെപ്പറയുന്ന ചുമതലകൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കണം

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസംഖ്യയിലും ഭൂവിസ്തൃതിയിലും നമ്മുടെ ഗ്രാമ പഞ്ചായത്തുകൾ വലിപ്പമേറിയവയാണ്. ഒരു പഞ്ചായത്തിലെ ജനസംഖ്യ ശരാശരി 20,000 ആണ്. അതുകൊണ്ടുതന്നെ വാർഡ് തലത്തിലോ അതിലും ചെറിയ രൂപത്തിലോ ജനകീയ കൂട്ടായ്മകൾക്ക് രൂപം നൽകണം. നീർത്തടാടിസ്ഥാനത്തിൽ അത്തരം കർമസമിതികൾക്ക് രൂപം നൽകിയാൽ പാരിസ്ഥിതികമായി അത് അർത്ഥപൂർണമായ ഒരു കൂട്ടായ്മയായി മാറും. മണ്ണു സംരക്ഷണം, മണ്ണൊലിപ്പു തടയൽ, മണ്ണിന്റെ സമ്പുഷ്ടി നിരീക്ഷിക്കൽ, ഭൂപ്രകൃതിക്കനുസൃതമായ കൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ, കൃഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറും. നീർത്തടാടിസ്ഥാനത്തിൽ അവ ക്രമീകരിച്ച് മേൽപ്പറഞ്ഞ സംഘടനാ സംവിധാനം വഴി അത്തരം പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് പ്രാവർത്തികമാക്കും.

**24.3. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ**

24.3.1. പരമാവധി സാമ്പത്തിക നേട്ടം ലക്ഷ്യമാക്കി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അവരുടെ കാഴ്ചപ്പാടിലും മനോഭാവത്തിലും മാറ്റം ഉണ്ടാക്കുന്നതിനുമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

24.3.2. ബയോഗ്യാസ് പ്ലാന്റ്, മിനി – മൈക്രോ ഹൈഡൽ പദ്ധതികൾ, സൗരോർജ്ജ സംരക്ഷണം, കാറ്റിൽ നിന്നുള്ള ഊർജ്ജോല്പാദനം, പുതുക്കാവുന്ന ഊർജ്ജസ്രോതസ്സുകളുടെ വിപുലീകരണം, വിറകിനുള്ള മരങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ ഏകോപനം നിർവഹിക്കുക.

24.3.3. തീറ്റപ്പുൽ ഉല്പാദനം, കൃഷിക്കുള്ള നടീൽ വസ്തുക്കളുടെ വ്യാപനം എന്നിവ വഴി കാലിത്തീറ്റയിൽ സ്വയം പര്യാപ്തത നേടുന്ന പ്രവർത്തനങ്ങളുടെ നിർവഹണം കാര്യക്ഷമമാക്കുക.

24.3.4. ഗ്രാമ പഞ്ചായത്തുകളും ഗ്രാമതല സംഘങ്ങളും ഏറ്റെടുക്കുന്ന പദ്ധതികൾ വിജയകരമായി പൂർത്തീകരിക്കാൻ ബ്ലോക്ക് പിന്തുണ നൽകുക, സഹായിക്കുക.

24.3.5. ജനങ്ങളുടെ നിത്യജീവിതത്തിന് ആവശ്യമുള്ളതും ലാഭാധിഷ്ഠിതമായ വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ദുർലഭമായ വിഭവങ്ങൾ പരിസ്ഥിതി പരിപോഷണത്തിന് അനുഗുണമായ രീതിയിൽ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കുക.

24.3.6. ഗ്രാമതലത്തിലും സമാനതലങ്ങളിലും പ്രവർത്തിക്കുന്ന അസോസിയേഷനുകളുടെ കൂട്ടായ്മകൾ രൂപവൽക്കരിച്ചും അവയെ കൂട്ടിയിണക്കിയും ചെറു സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ, ലഘു സംരംഭങ്ങൾ എന്നിവയെ ശക്തവും സമ്പുഷ്ടവുമാക്കാൻ സഹായിക്കുക.

**24.4. സർക്കാർ വകുപ്പുകളും ഏജൻസികളും**

24.4.1. ജനങ്ങൾക്കവകാശപ്പെട്ട വിഭവങ്ങളുടെ ഉടമസ്ഥരും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സർക്കാർ വകുപ്പുകളാണെന്ന സാമ്രാജ്യത്വ കാഴ്ചപ്പാടിന് അറുതിവരുത്താൻ കഴിയുമെന്ന് സർക്കാർ പ്രത്യാശിക്കുന്നു. സർക്കാർ വകുപ്പുകളും അവയുടെ വിവിധ തലത്തിലുള്ള സംവിധാനങ്ങളും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെയും ജനകീയ സംഘടനകളെയും സേവിക്കുന്നതിനുള്ള ഉപാധികളാണ്.

24.4.2. ജനങ്ങളെയും ജനകീയ പങ്കാളിത്തത്തെയും മുൻനിർത്തിയാണ് പരിസ്ഥിതി നയത്തിന് രൂപം നൽകിയിരിക്കുന്നത്. സർക്കാർ വകുപ്പുകളുടെ പൂർണ്ണസഹകരണം ജനകീയ

സംഘടനകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സർവ്വതലങ്ങളിലും നിലനിൽക്കുന്ന നിയമങ്ങളും നടപടിച്ചട്ടങ്ങളും യഥാസമയം യഥോചിതം പരിഷ്ക്കരിക്കാൻ സർക്കാർ നടപടിയെടുക്കും. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കി എങ്ങനെ സാമ്പത്തിക വളർച്ച കൈവരിക്കാമെന്നതിനെക്കുറിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ഉപദേശിക്കുന്നതിനുള്ള കൺസൾട്ടന്റുമാരും സാങ്കേതിക വിദഗ്ദ്ധരുമായി വകുപ്പ് ഓഫീസർമാർ സേവനമനുഷ്ഠിക്കും.

24.4.3. ജനങ്ങളോട് പൂർണമായ ഉത്തരവാദിത്തവും ഇടപാടുകളിൽ സുതാര്യതയും ഉറപ്പുവരുത്തുന്ന രീതിയിൽ സർക്കാർ ഓരോ വകുപ്പുകളുടേയും ചുമതലകൾ പുനർ നിർവചിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യുക.

24.4.4. പരിസ്ഥിതി പരിപാലനം സംബന്ധിച്ച നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും അവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരെ ശിക്ഷിക്കുന്നതിനും പര്യാപ്തമായ രീതിയിൽ സർക്കാർ നിയമങ്ങളും ചട്ടങ്ങളും ആനുകാലികമായി വിലയിരുത്തി ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതാണ്.

**24.5. സംസ്ഥാന പരിസ്ഥിതി വകുപ്പ്**

24.5.1. പരിസ്ഥിതിയുമായി ബന്ധപ്പെട്ട എല്ലാ പ്രധാന പ്രവർത്തനങ്ങളും പരിസ്ഥിതി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതാണ്.

24.5.2. സംസ്ഥാനത്തെ പരിസ്ഥിതിയും പരിസ്ഥിതി നയത്തിന്റെ നിർവഹണവും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും വിവിധ വകുപ്പുകൾ, അതോറിറ്റികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള ചുമതല സംസ്ഥാന പരിസ്ഥിതി വകുപ്പിന് ആയിരിക്കും.

24.5.3. ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, നിയന്ത്രണ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, അംഗീകൃത സർക്കാരിതരസംഘടനകൾ, ഗവേഷകർ, വിദ്യാഭ്യാസ വിദഗ്ധർ തുടങ്ങിയവരുടെ സഹായത്തോടെ പരിസ്ഥിതി സംരക്ഷണത്തിനും പരിപോഷണത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതാണ്.

24.5.4. സമഗ്രമായ നിയമ നിർമാണത്തിലൂടെ നിർവഹണ സംവിധാനം ശക്തിപ്പെടുത്തും.

**24.6. സംസ്ഥാന, ജില്ലാ ഉപദേശക സമിതികൾ**

**തന്ത്രം : പരിസ്ഥിതി നയം നടപ്പാക്കുമ്പോൾ ശാസ്ത്ര സാങ്കേതിക പിന്തുണയോടെ നിർവഹണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന, ജില്ലാതലങ്ങളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ഉപദേശക സമിതികൾ രൂപീകരിക്കുന്നതാണ്.**

**കർമപരിപാടികൾ**

24.6.1. പരിസ്ഥിതിനയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുന്നതിന് പരിസ്ഥിതി വകുപ്പ് മന്ത്രി ചെയർമാനും വിവിധ വകുപ്പുകളുടേയും സർക്കാർ സ്ഥാപനങ്ങളുടേയും ഉദ്യോഗസ്ഥ പ്രതിനിധികൾ, പരിസ്ഥിതി മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചിട്ടുള്ള സർക്കാരിതര സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു സംസ്ഥാനതല പരിസ്ഥിതി ഉപദേശക സമിതി രൂപവൽക്കരിക്കുക.

24.6.2. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ജില്ലാ-പ്രാദേശികതല പ്രശ്നങ്ങളിൽ ഉപദേശം നൽകുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഔദ്യോഗിക പ്രതിനിധികൾ ഉൾപ്പെട്ട ജില്ലാതല പരിസ്ഥിതി ഉപദേശക സമിതികൾ എല്ലാ ജില്ലകളിലും രൂപീകരിക്കുക.

24.6.3. ജില്ലാതല ഉപദേശക സമിതികൾ സംസ്ഥാനതല ഉപദേശകസമിതിയെ പരിസ്ഥിതി നയ നിർവഹണ കാര്യങ്ങളിൽ സഹായിക്കുന്നതാണ്.

**24.7. സർക്കാരിതര സംഘടനകൾ**

**തന്ത്രം : പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന എല്ലാ പ്രോജക്ടുകളുടേയും ആസൂത്രണഘട്ടം മുതലുള്ള പ്രവർത്തനങ്ങളിൽ പ്രാദേശിക സർക്കാരിതര സംഘടനകളെ ഉൾപ്പെടുത്തുക.**

**കർമ്മ പരിപാടികൾ**

24.7.1. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ റസിഡൻഷ്യൽ അസോസിയേഷനുകൾ, സർക്കാരിതര സംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കുക.

24.7.2. പരിസ്ഥിതിക്ക് കഴിയുന്നത്ര ദോഷം വരാത്ത രീതിയിൽ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇത്തരം പങ്കാളിത്തം ഉറപ്പുവരുത്തുക.

24.7.3. പ്രാദേശിക പ്രകൃതി വിഭവങ്ങൾ, പരിസ്ഥിതി സാഹചര്യങ്ങൾ, വിവിധ തരം പരിസ്ഥിതി പരിപാലന രീതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ജില്ലാതലത്തിൽ സർക്കാരിതര സംഘടനകളുടേയും ജില്ലാ പഞ്ചായത്തിന്റേയും സഹകരണത്തോടെ പരിസ്ഥിതി വിവര വിനിമയ കേന്ദ്രങ്ങൾ (Environmental Information Centres) സ്ഥാപിക്കുക.

24.7.4. സർക്കാരിതര സംഘടനകൾ, മാധ്യമങ്ങൾ എന്നിവ വഴി വിവിധ രീതികളിൽ പരിസ്ഥിതി സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുക.

**24.8. നിയമം ശക്തിപ്പെടുത്തൽ**

സംസ്ഥാനത്ത് പരിസ്ഥിതി നയം വിജയകരമായി നടപ്പാക്കുന്നതിന് സമഗ്രമായ ഒരു നിയമ നിർമാണം ആവശ്യമാണ്.

**25. സംസ്ഥാന പരിസ്ഥിതി ഫണ്ട്**

പരിസ്ഥിതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക ഫണ്ട് സ്വരൂപിക്കേണ്ടിയിരിക്കുന്നു. മലിനീകരണത്തിനിടയാക്കുന്ന വ്യവസായങ്ങളിൽ നിന്ന് 'Polluter Pays' തത്ത്വ പ്രകാരം ഇതിനാവശ്യമായ പണം കണ്ടെത്തണം. ഈ ഫണ്ട് പരിസ്ഥിതി സംരക്ഷണത്തിനും പാരിസ്ഥിതിക ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനും മാത്രമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തണം.